പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## അഞ്ചാമത് റിപ്പോർട്ട്

(2017 മാർച്ച് മാസം 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008) യുടെ 16-ാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

അഞ്ചാമത് റിപ്പോർട്ട്

(2017 മാർച്ച് മാസം 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008)യുടെ 16-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ]

611/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 60 |
| അനുബന്ധം II | | |
| സർക്കാർ ഉത്തരവിന്റെ പകർപ്പ് (ഖണ്ഡിക 2.8.9) | .. | 66 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019)യുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2006-2008)യുടെ പതിനാറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 മാർച്ച് മാസം 9-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017 മാർച്ച് 14.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനാറാമത് റിപ്പോർട്ടിലെ (കേരള സർവ്വകലാശാലയെ സംബന്ധിച്ച്) സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനാറാമത് റിപ്പോർട്ട് 2007 ജൂലൈ മാസം 26-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. ഈ റിപ്പോർട്ടിൽ ആകെ 75 ശിപാർശകളാണ് ഉള്ളത്. 73 ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 6-8-2008, 8-12-2009, 20-11-2013 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.3 റിപ്പോർട്ടിലെ ഖണ്ഡിക 10, 11, 12, 47, 48, 49, 50, 51, 58, 59, 84, 95, 98, 142, 143, 144, 145, 159, 160, 161, 170, 171, 172, 173, 185, 186, 197, 198, 199, 200, 201, 202, 210, 211, 212, 213, 235, 236, 237, 238, 239, 256 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിന് സർക്കാർ മറുപടിയും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി. ഖണ്ഡിക നമ്പർ 171, 172, 173, 185, 186, 197, 198, 199, 200, 201, 202, 210, 211, 212, 213, 235, 239 എന്നിവയിലെ ശിപാർശകളിന്മേലുള്ള മറുപടി സംബന്ധിച്ച് 20-11-2013-ൽ ചേർന്ന സമിതി യോഗം തെളിവെടുപ്പ് നടത്തിയിരുന്നു. അന്നത്തെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരങ്ങൾ ഇതേവരെ ബന്ധപ്പെട്ട വകുപ്പിൽ നിന്നു ലഭിച്ചിട്ടില്ല.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നുമുള്ള മറുപടി, തുടർശിപാർശകൾ എന്നിവ അദ്ധ്യായംII-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളുടെയും സർക്കാർ മറുപടികളുടെയും സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് സർക്കാർ നൽകിയ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ഖണ്ഡിക 235, 236, 237, 238, 239 എന്നിവയിലെ ശിപാർശയും, ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.6 റിപ്പോർട്ടിലെ ഖണ്ഡിക 52, 255 എന്നിവയിലെ നിഗമനത്തിനും ശിപാർശയ്ക്കും സർക്കാരിൽ നിന്നും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. പ്രസ്തുത ശിപാർശകൾ

അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## അദ്ധ്യായം II

ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരവും ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും തുടർശിപാർശകളും

### ഖണ്ഡിക നമ്പർ 10, 11, 12

ശിപാർശ

2.1.1 സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി & ഫിഷറീസ് വകുപ്പ് 2,33,130 രൂപ ചെലവഴിച്ച് 2/97-ലും 1/98 ലുമായി ഫൈബർ ബോട്ടും, എഞ്ചിനും വാങ്ങിയെങ്കിലും പ്രസ്തുത ബോട്ട് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളോ, ബോട്ട്യാർഡിനുള്ള സ്ഥലമോ നാളിതുവരെ കണ്ടെത്തിയിരുന്നില്ല. വേണ്ടത്ര ക്രമീകരണങ്ങൾ ഒരുക്കുന്നതിന് മുമ്പ് ബോട്ട് വാങ്ങി സർവ്വകലാശാലാ ഫണ്ട് ദുരുപയോഗം ചെയ്ത നടപടി നിരുത്തരവാദപരവും ക്രമരഹിതവുമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു.

2.1.2 1997 ഫെബ്രുവരി മാസത്തിൽ വാങ്ങിയ എഞ്ചിൻ പരിശോധിച്ചതിൽ അത് പ്രവർത്തനയോഗ്യമാണെന്ന് തെളിഞ്ഞിട്ടുണ്ടെന്നും, വാട്ടർ പ്രൂഫ് പെയിന്റ് ചെയ്തു കഴിഞ്ഞാൽ ബോട്ട് പ്രവർത്തനക്ഷമമാവുമെന്നും ആണ് രജിസ്ട്രാർ അറിയിച്ചിട്ടുള്ളത്. കഴിഞ്ഞ 9 വർഷമായി പ്രവർത്തന രഹിതമായി ഇരിക്കുന്ന എഞ്ചിൻ പ്രവർത്തനക്ഷമമാണെന്ന് മനസ്സിലാക്കുന്നതിന് എന്തു പരിശോധനയാണ് നടത്തിയത്, ആരാണ് നടത്തിയത്, എങ്ങനെയാണ് നടത്തിയത് എന്നീ വിവരങ്ങളൊന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമില്ല. അതുപോലെ തന്നെ നീറ്റിലിറക്കാതെ കഴിഞ്ഞ 8 വർഷമായി കരയിൽ ഇരിക്കുന്ന ഇതിന്റെ "ഹൾ" ദ്രവിച്ചുപോയിട്ടുണ്ടോയെന്നും ഇതിന് ഇനി അറ്റകുറ്റപ്പണികൾ ആവശ്യമാണോയെന്നും വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.1.3 1997-ൽ എഞ്ചിൻ വാങ്ങുകയും പിന്നീട് ബോട്ട് വാങ്ങുകയും നാളിതുവരെ പ്രവർത്തന സജ്ജമാകാത്ത സാഹചര്യത്തിലും ഇതിനായി തുക ചെലവഴിച്ചത് ധനദുർവിനിയോഗമാണെന്നും ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും ദീർഘവീക്ഷണമില്ലാതെ ധൃതിപിടിച്ച് ബോട്ടും എഞ്ചിനും വാങ്ങിയതിനുത്തരവാദികളായവരെ കണ്ടെത്തി തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.4 TVS & Son's Ltd. TVPM എന്ന സ്ഥാപനം പരിശോധിച്ചതിൻ പ്രകാരം ബോട്ടിന്റെ എഞ്ചിൻ പ്രവർത്തനക്ഷമമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഫൈബറും റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്കും കൊണ്ട് ഈ ബോട്ട് നിർമ്മിക്കപ്പെട്ടിട്ടുള്ളതിനാൽ 'ഹൾ' വാട്ടർ പ്രൂഫ് പെയിന്റ് ചെയ്ത് പ്രവർത്തിപ്പിക്കാവുന്നതാണ്. ആക്കുളം ബോട്ട് ജെട്ടിയിലേക്ക് ബോട്ട് മാറ്റുന്നതിനുള്ള ഔദ്യോഗിക നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുള്ളതുമാണ്. ജില്ലാ ടൂറിസം വകുപ്പ് ആക്കുളം ബോട്ട് ജെട്ടിയിൽ ഇത് ബർത്ത് ചെയ്യാനുള്ള അനുമതി നൽകിയിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.1.5 ആക്കുളം ബോട്ട് ജെട്ടിയിൽ ബോട്ട് ബർത്ത് ചെയ്യാനുള്ള അനുമതി ജില്ലാ ടൂറിസം വകുപ്പ് നൽകിയതിന്റെ ഉത്തരവും TVS & Son's Ltd. എന്ന സ്ഥാപനം നൽകിയ ബോട്ടിന്റെ പ്രവർത്തന ക്ഷമത റിപ്പോർട്ടും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ സർവ്വകലാശാല നൽകിയ മറുപടി അംഗീകരിക്കാവുന്നതാണ്.

2.1.6 എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ധൃതിപിടിച്ച് 2,33,130 രൂപ ചെലവഴിച്ച് ബോട്ട് വാങ്ങി സാമ്പത്തിക ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥനെതിരെ ബഹു. നിയമസഭാ കമ്മിറ്റി നിർദ്ദേശിച്ചതുപോലെ നടപടികൾ ഒന്നും എടുത്തിട്ടില്ലെന്ന് അറിയിച്ചുകൊള്ളുന്നു.

### സമിതി ആരാഞ്ഞ അധികവിവരം

2.1.7 സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി & ഫിഷറീസ് വകുപ്പ് ഏത് പർപ്പസിനുവേണ്ടിയാണോ ബോട്ടും എഞ്ചിനും വാങ്ങിയത്, വാങ്ങിയ പർപ്പസിന് തന്നെ ആയത് ഉപയോഗിക്കണമെന്നും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ധൃതി പിടിച്ച് 2,33,130 രൂപ ചെലവഴിച്ച് ബോട്ട് വാങ്ങി സാമ്പത്തിക ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുകയും ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കുക.

### ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

2.1.8 ദീർഘ വീക്ഷണമില്ലാതെ ധൃതി പിടിച്ച് ബോട്ടും എഞ്ചിനും വാങ്ങിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം 30-7-2009-ൽ കൂടിയ സിൻഡിക്കേറ്റ് പരിഗണിക്കുകയും ആയതിലേക്ക് വിശദമായ അന്വേഷണം നടത്തുവാൻ ഒരു സമിതി രൂപീകരിക്കുകയുണ്ടായി. ഈ സമിതിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.1.9 യൂണിവേഴ്സിറ്റിയുടെ അക്വാട്ടിക് ബയോളജി & ഫിഷറീസ് വകുപ്പ് വാങ്ങിയ ബോട്ടിന്റെയും എഞ്ചിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് രജിസ്ട്രാറോട് 4-2-2010-ലെ കത്തിലൂടെ ഓഡിറ്റിൽ നിന്നും ആരാഞ്ഞിട്ടും ആയതിന് വ്യക്തമായ മറുപടി നൽകിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളൊന്നും ഒരുക്കാതെ ധൃതി പിടിച്ച് ബോട്ടും എഞ്ചിനും വാങ്ങി ധനദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ സഭാസമിതി നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുവാൻ 31-12-2008, 20-3-2009, 4-2-2010 എന്നീ തീയതികളിൽ രജിസ്ട്രാർക്ക് ഓഡിറ്റിൽ നിന്നും കത്ത് നൽകിയിരുന്നു. എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പകരം 30-7-2009-ൽ കൂടിയ സിൻഡിക്കേറ്റ് വീണ്ടും ഒരു സമിതിയെ നിയോഗിച്ച്, ആയതിന്റെ റിപ്പോർട്ട് കിട്ടിയശേഷം നടപടി സ്വീകരിക്കാമെന്ന് രജിസ്ട്രാർ 23-9-2009-ൽ ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഇക്കാര്യത്തിൽ മറുപടി നൽകിയതായി കാണുന്നു. ഈ സമിതിയുടെ terms and reference-ഉം ഓഡിറ്റിൽനിന്നും ആവശ്യപ്പെട്ടിട്ടും അറിയിച്ചിട്ടില്ലാത്തതിനാൽ സമിതി രൂപീകരണ ഉദ്ദേശ്യവും വ്യക്തമല്ല. സഭാസമിതിയുടെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കാതെ വീണ്ടും മറ്റൊരു സമിതിയെ നിയോഗിച്ച് അന്വേഷണങ്ങളിലേക്ക് നീങ്ങുന്ന യൂണിവേഴ്സിറ്റിയുടെ നടപടി അംഗീകരിക്കാവുന്നതല്ല.

### ഇടക്കാലശിപാർശ

**2.1.10 ധനദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥനെതിരെ സഭാസമിതിയുടെ നിർദ്ദേശപ്രകാരം നടപടി സ്വീകരിക്കാതെ ആയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സിൻഡിക്കേറ്റ് പ്രത്യേക സമിതിയെ രൂപീകരിച്ചതിന്റെയും ഓഡിറ്റിന് പ്രസ്തുത സമിതിയുടെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച് അറിയിക്കാത്തതിന്റെയും വിശദീകരണം നൽകണമെന്നും സമിതി നിർദ്ദേശം നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

### ഖണ്ഡിക നമ്പർ 47, 48, 49, 50, 51

<u>ശിപാർശ</u>

2.2.1 ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകുന്നതിനോ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുന്ന ക്രമക്കേടുകൾ തിരുത്തുന്നതിനോ സർവ്വകലാശാല അധികൃതർ യാതൊരു വിധത്തിലുള്ള ഉത്തരവാദിത്വവും കാണിക്കുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു.

2.2.2 നിയമസഭാ സമിതി തെളിവെടുപ്പിനുശേഷമാണ് പ്രസ്തുത സംഭവം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ വരുന്നത്. 26-10-2005-ലെ തെളിവെടുപ്പിൽ ഇതു സംബന്ധിച്ച് സമിതി വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിക്കാതെ അലംഭാവം തുടരുന്നതായാണ് റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്.

2.2.3 സമിതിക്ക് തെളിവെടുപ്പുയോഗത്തിൽ രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ഉത്തരവാദിയായ ശ്രീ. സി. ജയിംസ് സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ട തുക അടച്ചിട്ടുണ്ടെന്നും പലിശ അടച്ചിട്ടില്ലാത്തതിനാൽ 28-2-2002-ൽ റിട്ടയർ ചെയ്ത ടിയാന് പിഴപ്പലിശയിനത്തിലുള്ള 59,886 രൂപ ടിയാന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നീടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നാണറിയിച്ചിരിക്കുന്നത്. എന്നാൽ പിന്നീട് ലഭ്യമാക്കിയ റിപ്പോർട്ടിൽ പിഴപ്പലിശ ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് ഈടാക്കണമെന്ന സമിതി നിർദ്ദേശം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെന്നാണ് അറിയിച്ചിട്ടുള്ളത്. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്ത് 4 വർഷമായിട്ടും പ്രസ്തുത തുക ഈടാക്കിയിട്ടില്ലെന്ന മറുപടി സർവ്വകലാശാല അധികൃതരുടെ ഉത്തരവാദിത്വമില്ലായ്മയാണെന്നും ആയതിനാൽ തുക 3 മാസത്തിനുള്ളിൽ ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

2.2.4 തുക ഈടാക്കാൻ ഇതുവരെയും നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

2.2.5 ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിന്റെ മേൽനോട്ടച്ചുമതലയുണ്ടായിരുന്ന സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതിനാലാണ് ഇത് കൃത്യസമയത്ത് കണ്ടുപിടിക്കാതിരുന്നതെന്നതിനാൽ പ്രസ്തുത ഉന്നത ഉദ്യോഗസ്ഥനെതിരെയും ശിക്ഷാനടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.6 ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.2.7 റവന്യൂ റിക്കവറി ചെയ്യുന്നതിന് നടപടി എടുത്തു വരുന്നുണ്ടെന്നതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്ന വിവരം അറിയിച്ചു കൊള്ളുന്നു.

**സമിതി ആരാഞ്ഞ അധികവിവരം**

2.2.8 റവന്യൂ റിക്കവറി നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയും ശ്രീ. സി. ജയിംസിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്നതിന്റെ വിശദാംശവും ലഭ്യമാക്കുക.

**ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ അധികവിവരം**

2.2.9 ശ്രീ. സി. ജയിംസിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിലേക്കായി തിരുവനന്തപുരം ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാകുറിപ്പ്**

2.2.10 ശ്രീ. സി. ജയിംസിൽ നിന്നും പലിശയിനത്തിൽ യൂണിവേഴ്സിറ്റിക്ക ലഭിക്കേണ്ട 59,886 രൂപയ്ക്കു വേണ്ടിയുള്ള റവന്യൂ റിക്കവറിക്കു പകരം 41,73,807 രൂപയുടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാനാണ് യൂണിവേഴ്സിറ്റി, തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുന്നത്. കൂടുതൽ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**തുടർശിപാർശ**

2.2.11 **സർവ്വകലാശാല പരീക്ഷകളുമായി ബന്ധപ്പെട്ട് അനുവദിച്ച തുക ചിലവഴിച്ചതു സംബന്ധിച്ച കണക്കുകൾ മുൻ സർവ്വകലാശാല ഉദ്യോഗസ്ഥനായ ശ്രീ. സി. ജയിംസ് യഥാസമയം ഹാജരാക്കി ക്രമപ്പെടുത്തുന്നതിലുണ്ടായ വീഴ്ച സംബന്ധിച്ച് അന്വേഷണം നടത്തി, രേഖ പരിശോധിച്ച് നഷ്ടവും ഉത്തരവാദിത്വവും നിശ്ചയിച്ച് ബാധ്യത തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ക്രമക്കേടിൽ ആരെല്ലാം ഉൾപ്പെട്ടിരുന്നുവെന്നും ഇവരിൽ ഇപ്പോൾ സർവ്വീസിലുള്ളവർ ആരെല്ലാ മാണെന്നതു സംബന്ധിച്ച് ഇവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 58, 59**

<u>ശിപാർശ</u>

2.3.1 യാത്രാബത്ത അനുവദിക്കുന്നതിന് നിയന്ത്രണം അത്യന്താപേക്ഷിതമാണെന്നും സിൻഡിക്കേറ്റംഗങ്ങൾക്ക് ദിനം പ്രതി യാത്രാബത്ത നൽകിയത് ശരിയായ നടപടി യല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

2.3.2 യാത്രാബത്ത നൽകുന്നതിന് നിലവിലുള്ള രീതി തുടരേണ്ടതില്ലെന്ന സർവ്വകലാശാലയുടെ തീരുമാനം അംഗീകരിക്കുന്നതോടൊപ്പം തുടർച്ചയായ സിൻഡിക്കേറ്റ് യോഗങ്ങൾക്ക് ഹാജരാകുന്ന അംഗങ്ങൾക്ക് യോഗങ്ങളുടെ ആദ്യദിവസവും അവസാനിക്കുന്ന ദിവസവും മാത്രമേ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂവെന്നും രണ്ടു യോഗങ്ങൾ തമ്മിൽ നിശ്ചിത ദിവസത്തിന്റെ അന്തരമുണ്ടെങ്കിൽ മാത്രമേ യാത്രാബത്ത അനുവദിക്കുകയുള്ളൂവെന്നും വ്യക്തമാക്കിക്കൊണ്ട് ഗവൺമെന്റ് തലത്തിൽ നിർദ്ദേശമുണ്ടാകണമെന്നും അതനുസരിച്ച് സർവ്വകലാശാല ഉത്തരവിറക്കണമെന്നും ആയതിന്റെ പകർപ്പ് സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റിനും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.3.3 തുടർച്ചയായി യോഗങ്ങളിൽ ഹാജരാകുന്ന സിൻഡിക്കേറ്റ് അംഗങ്ങൾക്ക് യോഗങ്ങളുടെ ആദ്യദിവസവും അവസാനിക്കുന്ന ദിവസവും മാത്രമേ ഇപ്പോൾ യാത്രാബത്ത അനുവദിക്കുന്നുള്ളൂ.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.3.4 ഇപ്പോൾ തുടർച്ചയായ യോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് യോഗങ്ങളുടെ ആദ്യദിവസവും അവസാനദിവസവും മാത്രമേ യാത്രാബത്ത സർവ്വകലാശാല അനുവദിക്കുന്നുള്ളൂ എന്ന മറുപടി അംഗീകരിക്കാവുന്നതാണ്. അതോടൊപ്പം തുടർന്നുള്ള ഓഡിറ്റിലും ഇതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

2.3.5 യാത്രാബത്ത അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കുക.

2.3.6 വിവിധ സിൻഡിക്കേറ്റ് മെമ്പർമാർക്ക് 2008 ജൂലൈ 31 വരെ നൽകിയ റ്റി. എ, ഡി.എ. യുടെ സ്റ്റേറ്റുമെന്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ലഭ്യമാക്കുവാനും സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉത്തരവ് സംബന്ധമായ നിജസ്ഥിതി വ്യക്തമാക്കികൊണ്ടുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

## ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

2.3.7 കേരള സർവ്വീസ് നിയമം അനുസരിച്ചാണ് സിൻഡിക്കേറ്റ് അംഗങ്ങൾക്ക് യാത്രാബത്ത അനുവദിക്കുന്നത്. തുടർച്ചയായ യോഗങ്ങളിൽ ഹാജരാകുന്ന അംഗങ്ങൾക്ക് യോഗങ്ങളുടെ ആദ്യദിവസവും അവസാനദിവസവും മാത്രമേ യാത്രാബത്ത അനുവദിക്കുന്നുള്ളൂ. ഇക്കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനുവേണ്ടി ധനകാര്യ വകുപ്പിന്റെ ഉപദേശം തേടിയിരിക്കുകയാണ്.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാകുറിപ്പ്

2.3.8 സമിതി നിർദ്ദേശപ്രകാരം സിൻഡിക്കേറ്റ് അംഗങ്ങളുടെ യാത്രാബത്ത നിയന്ത്രിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവോ അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി ഉത്തരവോ നാളിതുവരെ ഉണ്ടായിട്ടില്ല. നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം യാത്രാബത്ത നിയന്ത്രിച്ചുകൊണ്ടുള്ള ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ ആവശ്യമായ നടപടി യൂണിവേഴ്സിറ്റി സ്വീകരിക്കുന്നതിനുപകരം യാത്രാബത്ത നൽകുന്നതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ മാത്രമാണ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ധനകാര്യ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. 20 സിൻഡിക്കേറ്റ് അംഗങ്ങൾ 24-8-2006-നും 31-7-2008-നും മദ്ധ്യേ TA/DA ഇനത്തിൽ കൈപ്പറ്റിയ 21,36,908 രൂപയുടെ വ്യക്തിഗത അടിസ്ഥാനത്തിലുള്ള ഒരു പത്രിക ഓഡിറ്റിന് നൽകിയിട്ടുണ്ട്. പത്രികയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് ആവശ്യമായ ബന്ധപ്പെട്ട റിക്കാർഡുകൾ, യൂണിവേഴ്സിറ്റിയിൽ നിന്നും നൽകണമെന്ന് 20-03-2009-ൽ യൂണിവേഴ്സിറ്റി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. രേഖകൾ കിട്ടുന്ന മുറയ്ക്ക് നിജസ്ഥിതി പരിശോധിച്ച് ഉറപ്പാക്കുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

2.3.9 ടിഎ/ഡിഎ ഇനത്തിൽ സിൻഡിക്കേറ്റ് മെമ്പർമാർ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങളും നിജസ്ഥിതിയും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു. കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാകുന്നതരത്തിൽ യാത്രാബത്തയും ദിനബത്തയും സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങളടങ്ങുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്

2.3.10 സമിതി നിർദ്ദേശപ്രകാരം സിൻഡിക്കേറ്റ് അംഗങ്ങളുടെ യാത്രാബത്ത നിയന്ത്രിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവോ യൂണിവേഴ്സിറ്റി ഉത്തരവോ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. സിൻഡിക്കേറ്റ് അംഗങ്ങൾക്ക് 24-8-2006 മുതൽ 31-7-2008 വരെ ടിഎ/ഡിഎ ഇനത്തിൽ നൽകിയ 21,36,908 രൂപയുടെ വ്യക്തിഗത അടിസ്ഥാനത്തിലുള്ള ഒരു പത്രിക നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. ഇതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിന് ബന്ധപ്പെട്ട റിക്കാർഡുകൾ നൽകാൻ 20-3-2009-ലും 20-5-2010-ലും ഓഡിറ്റിൽ നിന്ന് അവശ്യപ്പെട്ടുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.3.11 കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാകുന്ന തരത്തിൽ സിൻഡിക്കേറ്റ് അംഗങ്ങൾക്കുള്ള യാത്രാബത്തയും ദിനബത്തയും സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങളടങ്ങുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 84**

ശിപാർശ

2.4.1 ലോക്കൽ ഫണ്ട് ഓഡിറ്റ് പുനഃപരിശോധനയിൽ ചൂണ്ടിക്കാട്ടിയ നഷ്ടം ഒഴിവാക്കുവാൻ സർവ്വകലാശാല സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.4.2 പുറമേനിന്നുള്ള സഹായം സ്വീകരിച്ചുകൊണ്ടാണ് സാങ്കേതിക മേഖലയിലെല്ലാം പ്രവർത്തനം നടക്കുന്നത്. ഇതാണ് UGC- യുടെ മാർഗ്ഗനിർദ്ദേശത്തിൽ ഒന്നാമതായി പറയുന്നതും.

2.4.3 ഓഡിറ്റ് റിപ്പോർട്ടിൽ USIC-നടത്തിയ പ്രവർത്തനങ്ങൾ നിസ്സാരമായി കണ്ടതായി കാണുന്നു. വളരെ വിലപിടിപ്പുള്ള ഒരു ഉപകരണം നന്നാക്കാൻ നിസ്സാരവിലയുള്ള ഒരു ഘടകം മാറ്റിവെച്ചാൽ മതിയാകും, കേടായ ഘടകം ഏതെന്നു കണ്ടുപിടിക്കുക എന്നത് ശ്രമകരവും സാങ്കേതിക അറിവ് വേണ്ടതുമാണ്. ഘടകത്തിന്റെ വില വെച്ചുകൊണ്ട് ഈ കേടുപാടു തീർക്കുന്നതിന്റെ മൂല്യം വിലയിരുത്തുന്നത് ശരിയല്ല. കേടായ ഉപകരണം നന്നാക്കുന്നതിലൂടെ ഉപകരണത്തിന്റെ വില തന്നെ വീണ്ടെടുക്കുകയാണ്.

2.4.4 സർവ്വകലാശാലയുമായി ബന്ധപ്പെട്ട കോളേജുകളിലെ ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനായി പുതിയ നിയമനങ്ങൾ നടത്തി വരുന്നു.

2.4.5 യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിൽ ഉപകരണം വാങ്ങുന്നതിനു മുൻപ് USIC-യെ ബന്ധപ്പെടണമെന്ന ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിനുശേഷം UGC-മാർഗ്ഗനിർദ്ദേശം പാലിച്ചുകൊണ്ട് ഇൻസ്ട്രുമെന്റേഷനിലും, കംപ്യൂട്ടർ ഹാർഡ്വെയറിലും കോഴ്സുകൾ സംഘടിപ്പിക്കുകയുണ്ടായി.

2.4.6 കാര്യവട്ടത്തെ ആയിരത്തോളം കംപ്യൂട്ടർ ഉൾക്കൊള്ളുന്ന campus LAN USIC-യുടെ കീഴിലാണ്. ഓഡിറ്റ് കാലയളവിൽ ഉദ്ദേശം 41 ലക്ഷം രൂപയുടെ ഉപകരണങ്ങളുടെ കേടുപാടുകൾ USIC-തീർക്കുകയുണ്ടായി. ഇതിൽ പുറത്തു കൊടുക്കാൻ

സാധിക്കാത്ത രീതിയിലുള്ള സാങ്കേതികത ഉള്ള ഉപകരണങ്ങളും നന്നാക്കിയവയിൽ പെടുന്നു. (ലിസ്റ്റ് USIC-ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് ലോക്കൽ ഫണ്ട് ആഡിറ്റർക്ക് പരിശോധിക്കാവുന്നതാണ്.) കേടാകുന്ന ഉപകരണങ്ങളുടെ എണ്ണം കുറയുന്നത് കൃത്യമായ മെയിന്റനൻസിന്റെ ഫലമാണെന്നത് ശ്രദ്ധിക്കുമല്ലോ.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.4.7 U.S.I.C.-യുടെ പ്രവർത്തനങ്ങളെ നിസ്സാരവൽക്കരിച്ചെന്നുള്ള വാദം അംഗീകരിക്കാതിരിക്കുവാൻ കഴിയില്ല. സർവ്വകലാശാല വകുപ്പുകൾക്ക് വാങ്ങുന്ന ഉപകരണങ്ങളുടെ ഉപയോഗരീതി, ഗുണമേന്മ, ആവശ്യകത എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്ന് മറുപടിയിൽ സർവ്വകലാശാല നൽകിയിരിക്കുന്നു. എന്നാൽ കാര്യവട്ടത്തെ ബയോടെക്നോളജി വകുപ്പിൽ ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ ആവശ്യമില്ലാതെ വാങ്ങി ഉപയോഗിക്കാതെ പാഴായിപ്പോകുന്നു. U.S.I.C. ഇതിൽ വ്യക്തമായ ഇടപെടലുകൾ നടത്തിയിരുന്നെങ്കിൽ സർവകലാശാലക്ക് ആവശ്യമില്ലാത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുകയില്ലായിരുന്നു. ഈ വസ്തുതകൾ നിലനിൽക്കെത്തന്നെ സർവ്വകലാശാലയുടെ മറുപടി അംഗീകരിക്കാവുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

2.4.8 സർവ്വകലാശാലയിലെ ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിന്, യോഗ്യരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസേഴ്സും സർവ്വകലാശാലയിൽ ഉണ്ടായിരിക്കെ പുതിയ ആളുകളെ നിയമിക്കുന്നത് ശരിയല്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ആയതിന്റെ നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കുക.

## ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

2.4.9 വിവിധ വകുപ്പുകളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ പൂർണ്ണമായും പുറത്തുള്ള ഏജൻസിയെ കൊണ്ട് ചെയ്യിക്കാറില്ല. വിലപിടിപ്പുള്ള ഉപകരണങ്ങൾ കേടായാൽ കേടായ ഭാഗങ്ങൾ മാറ്റിവയ്ക്കുവാൻ മാത്രമേ കമ്പനിയുടെ സേവനം നേടാറുള്ളൂ. യു.ജി.സി.-സർവ്വകലാശാലാ നിയമങ്ങൾ പാലിച്ചുകൊണ്ട് ക്വട്ടേഷനിൽ പരാമർശിക്കും പോലെയോ, കുറഞ്ഞ നിരക്കിലോ, കൂലിയില്ലാതെയോ മാത്രമേ പുറത്ത് കൊടുത്ത് ചെയ്യിക്കാറുള്ളൂ. ആ ജോലി സെന്റർ ഏറ്റെടുത്തു ചെയ്താൽ പുതിയ സാധനത്തിന് കേടുപാടുകൾ വന്നാൽ ഉത്തരവാദിത്വം കമ്പനി ഏറ്റെടുക്കാറില്ല. അതുമൂലം സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടാവുകയും ചെയ്യും. സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലെയും യു.ഐ.റ്റി. സെന്ററുകളിലെയും കമ്പ്യൂട്ടറുകളുടെ പ്രവർത്തനവും

അറ്റകുറ്റപ്പണികളും ഈ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നതാണ്. തൽഫലമായി സർവ്വകലാശാലയ്ക്കും കുട്ടികൾക്കും മികച്ച സേവനം ഈ സെന്ററിൽ നിന്നും ഉണ്ടായിട്ടുണ്ട്. സർവ്വകലാശാലയുടെ ഉപകരണ സംബന്ധമായ എല്ലാ സാധനങ്ങളും വാങ്ങുന്നതും വിൽക്കുന്നതും ഈ സെന്ററിന്റെ അനുമതിയോടെയാണ്. തൽഫലമായി സർവ്വകലാശാലയുടെ ധനശോഷണം തടയാനും കഴിഞ്ഞിട്ടുണ്ട്.

**അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാകുറിപ്പ്**

2.4.10 U.G.C. നിർദ്ദേശപ്രകാരം രൂപീകരിച്ച U.S.I.C. യിൽ ഓഡിറ്റ് പരാമർശത്തിന് ആധാരമായ 1998-99 വർഷത്തിൽ

| | |
|---|---|
| ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ | -1 |
| ടെക് നിക്കൽ ഓഫീസർ | -4 |
| അസിസ്റ്റന്റ് എഞ്ചിനീയർ | -1 |
| എ. സി. മെക്കാനിക് | -1 |

എന്ന നിലയിൽ ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ ശാസ്ത്ര വകുപ്പുകളിലെ വിലപിടിപ്പുള്ള ശാസ്ത്ര ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ യു.എസ്.ഐ.സി. മുഖേന ചെയ്യണമെന്നാണ് U.S.I.C. രൂപീകരണ മാർഗ്ഗരേഖയിൽ U.G.C. ആവശ്യപ്പെട്ടിട്ടുള്ളത്. ശാസ്ത്ര ഉപകരണങ്ങൾ യൂണിവേഴ് സിറ്റിയുടെ വിവിധ വകുപ്പുകളിൽ സ്ഥാപിച്ചു കഴിഞ്ഞാൽ പ്രസ്തുത ഉപകരണങ്ങളുടെ വാറണ്ടി കാലയളവിൽ ഉപകരണം സപ്ലൈ ചെയ്ത കമ്പനിയുടെ ചുമതലയിൽ സ്പെയർ പാർട്ടുകൾ മാറ്റി വയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാവുന്നതും പിന്നീട് ഉണ്ടാകാവുന്ന കേടുപാടുകൾ U.S.I.C. യിൽ ചെയ്യേണ്ടതുമാണ്. ഓഡിറ്റ് കാലയളവിൽ U.S.I.C.-യെ ഒഴിവാക്കി പുറത്ത് കൊടുത്ത് റിപ്പയറിംഗ് നടത്തിയ നടപടി ശരിയല്ല. 1998-99 വർഷത്തേക്കാൾ മോശമായ നിലവാരത്തിലാണ് ഇപ്പോൾ U.S.I.C. പ്രവർത്തിക്കുന്നത്. ഇൻസ്ട്രുമെന്റേഷനിലോ, അനുബന്ധ മേഖലയിലോ Ph. D/ME/M. Tech. ഉള്ളവരായിരിക്കണം U.S.I.C.-ലെ ടെക്നിക്കൽ ഓഫീസർ തസ്തികയിലുള്ളയാൾ എന്ന് യു.ജി.സി. മാർഗ്ഗരേഖ അനുശാസിക്കുന്നു. എന്നാൽ ഈ യോഗ്യതയുള്ള ആരും ഇപ്പോൾ U.S.I.C. യിൽ ഇല്ല. യു.ജി.സി മാർഗ്ഗരേഖ പ്രകാരം U.S.I.C.-യെ നവീകരിക്കേണ്ടതാണ്.

**തുടർശിപാർശ**

2.4.11 **സമിതിയുടെ മുൻ ശിപാർശ ആവർത്തിക്കുന്നതോടൊപ്പം യു.ജി.സി. മാർഗ്ഗരേഖ പ്രകാരം യു.എസ്.ഐ.സി.യെ നവീകരിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 95

### ശിപാർശ

2.5.1 പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കുകയും ഇതിന്മേൽ എടുത്ത തീർപ്പിനെ സംബന്ധിച്ച വിവരം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.5.2 പ്രസ്തുത ഓഡിറ്റ് പരാമർശത്തിലെ തുക ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസ് നേരിട്ടോ അല്ലാതെയോ സ്വീകരിക്കുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടുള്ളതല്ല. പുസ്തക പ്രകാശനപരിപാടിയുമായി ബന്ധപ്പെട്ട് പ്രകാശന വിഭാഗത്തിൽനിന്നും സർവ്വകലാശാലാ യൂണിയൻ ജനറൽ സെക്രട്ടറി 8-12-1997-ന് 6,000 രൂപയും 17-9-1997-ന് 5,400 രൂപയും നേരിട്ടാണ് കൈപ്പറ്റിയിരിക്കുന്നത്. ആയതിന്റെ രേഖകൾ സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗത്തിൽ ലഭ്യമാണ്.

2.5.3 മേലിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള കരുതൽ നടപടികൾ എടുത്തിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.5.4 സർവകലാശാലയുടെ തന്നെ ഒരു വകുപ്പാണ് സ്റ്റുഡൻസ് സർവീസ് ഡിപ്പാർട്ടുമെന്റ്/ യൂണിവേഴ്സിറ്റി യൂണിയൻ. മറ്റൊരു വകുപ്പ് ഈ വകുപ്പിൽ അടച്ച തുക ഇതിന്റെതന്നെ വരവായി രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം സ്വീകരിക്കപ്പെടുന്ന തുകയുടെ കൃത്യമായ കണക്കുകളും രേഖകളും സൂക്ഷിക്കേണ്ട ബാദ്ധ്യത തുക കൈപ്പറ്റുന്ന വകുപ്പിനുള്ളതാണ്. എന്നാൽ ബഹു. നിയമസഭാകമ്മിറ്റി നിർദ്ദേശിച്ചതുപോലെ സർവകലാശാല നടപടികൾ എടുത്തിട്ടുണ്ടെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### സമിതി ആരാഞ്ഞ അധികവിവരം

2.5.5 പുസ്തകപ്രകാശന പരിപാടിയുമായി ബന്ധപ്പെട്ട് പ്രകാശന വിഭാഗത്തിൽനിന്നും സർവ്വകലാശാലാ യൂണിയൻ ജനറൽ സെക്രട്ടറി കൈപ്പറ്റിയ തുകകളെ സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ലഭ്യമാക്കുക. ഡയറക്ടർ ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുക.

### ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കിയ അധികവിവരം

2.5.6 സമിതി നിർദ്ദേശിച്ചതിൻ പ്രകാരം 16-10-2008-ൽ ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാകുറിപ്പ്

2.5.7 യൂണിവേഴ്സിറ്റിയുടെ രേഖകൾ പരിശോധിച്ചതിനുശേഷം മറുപടി നൽകുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

2.5.8 പുസ്തക പ്രകാശന പരിപാടിയുമായി ബന്ധപ്പെട്ട യൂണിവേഴ്സിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ള രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്

2.5.9 പുസ്തക പ്രദർശനത്തിന്റെ ഭാഗമായി തറവാടകയിനത്തിൽ യൂണിവേഴ്സിറ്റി പ്രകാശന വിഭാഗം യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറിക്ക് നൽകിയ 11,400 രൂപ സ്റ്റുഡന്റ്സ് സർവ്വീസ് വകുപ്പിന്റെ അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

## തുടർശിപാർശ

**2.5.10 പുസ്തക പ്രദർശനത്തിന്റെ ഭാഗമായി തറവാടകയിനത്തിൽ യൂണിവേഴ്സിറ്റി പ്രകാശന വിഭാഗം യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറിക്ക് നൽകിയ 11,400 രൂപ സ്റ്റുഡന്റ്സ് സർവ്വീസ് വകുപ്പിന്റെ അക്കൗണ്ടിലേക്ക് ഈടാക്കാൻ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 98

<u>ശിപാർശ</u>

2.6.1 2000-01-ലെ സമാഹൃത റിപ്പോർട്ടിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണിച്ചിരിക്കുന്ന സാമ്പത്തിക ക്രമക്കേട് പരിഹരിക്കുന്നതിന് സർവ്വകലാശാലയുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നതും ഇതു സംബന്ധിച്ച് സമിതിക്ക് സമർപ്പിച്ച മറുപടി വെറും ഒരു പ്രസ്താവന മാത്രമാണെന്നതും, ഓഡിറ്റിന്റെ പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുപോലും കണക്കുകൾ ഹാജരാക്കുവാൻ സർവ്വകലാശാല കൂട്ടാക്കിയിട്ടില്ല എന്നതും വളരെ ഗുരുതരമായ വീഴ്ചയായി സമിതി ചൂണ്ടിക്കാണിക്കുന്നു. ഇക്കാര്യത്തിൽ അടിയന്തരമായി ശ്രദ്ധപതിപ്പിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതോടൊപ്പം പി. ഡി. അക്കൗണ്ടിൽ നിന്നും പണം വിനിയോഗിക്കുന്ന കാരണങ്ങൾ വിവരിച്ചുകൊണ്ടുള്ള പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ

ഫണ്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.6.2 പരാമർശത്തിലെ തുകകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിഗണനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിലെ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുള്ളതാണ്. ആയത് ലോക്കൽ ഫണ്ട് ഓഡിറ്റർക്ക് പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്. പി.ഡി. അക്കൗണ്ടിൽ നിന്നും പിൻവലിച്ച് സ്റ്റുഡന്റ്സ് സെന്റർ ഹാൾ ക്ലീനിംഗ് ചാർജ്ജ് ഇനത്തിൽ 30 രൂപ വച്ച് നൽകിയ 46 രസീതുകൾ ഡിപ്പാർട്ട്മെന്റിൽ ഫയൽ ചെയ്തിട്ടുണ്ട്. മുകളിൽ നൽകിയിരിക്കുന്ന കേരള സർവ്വകലാശാല ചെല്ലാൻ രസീത് പ്രകാരമുള്ള 13,800 രൂപ KUF-ൽ അടച്ചിട്ടുള്ളതും ചെല്ലാൻ രസീത് ഡിപ്പാർട്ട്മെന്റിൽ സൂക്ഷിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ ഈ രസീതുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങൾ ആവശ്യമായിവരുന്നപക്ഷം, ലോക്കൽ ഫണ്ട് ഓഡിറ്റർക്ക് രേഖകൾ പരിശോധിച്ച് നേരിട്ട് ബോധ്യപ്പെടാവുന്നതാണ്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.6.3 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 31,220 രൂപ ആണ് ഹാളിന്റെ വാടകയിനത്തിൽ പിരിച്ചെടുത്തത്. ഈ തുകയിൽ 9,500 രൂപ കോഷൻ ഡെപ്പോസിറ്റായി പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഈ തുകയുടെ വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| | | രൂപ |
| ആകെ തുക | : | 31,220 |
| കോഷൻ ഡെപ്പോസിറ്റ് | : | 9,500 |
| ബാക്കി | : | 21,720 |

2.6.4 നീക്കിയിരിപ്പായ 21,720 രൂപയിൽ 18,560 രൂപ കെ.യു.എഫ്.-ൽ അടയ്ക്കുന്നതിന് വേണ്ടി പി.ഡി. അക്കൗണ്ടിൽ നിന്ന് പിൻവലിച്ചു. എന്നാൽ 13,800 രൂപ കെ.യു.എഫ്.-ൽ അടച്ചതിന്റെ രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. അത് പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

2.6.5 4,760 രൂപ (18,560-13,800) ക്രമീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

**സമിതി ആരാഞ്ഞ അധികവിവരം**

2.6.6 കെ.യു.എഫ്.-ൽ അടയ്ക്കുന്നതിനുവേണ്ടി പി.ഡി. അക്കൗണ്ടിൽ നിന്ന് പിൻവലിച്ച 18,560 രൂപയിൽ 4,760 രൂപ ക്രമീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ, ഇനിയും ക്രമീകരിക്കാനുള്ള തുകയായ 4,760 രൂപ സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടറുടെ ബാധ്യതയായി തിട്ടപ്പെടുത്തി തുക ഈടാക്കിയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

**ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ അധികവിവരം**

2.6.7 കെ.യു.എഫ്.-ൽ അടയ്ക്കുന്നതിനുവേണ്ടി പി.ഡി. അക്കൗണ്ടിൽ നിന്ന് പിൻവലിച്ച 18,560 രൂപയിൽ നിന്നും 4,760 രൂപ ക്രമീകരിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ആ തുക അന്നത്തെ സ്റ്റുഡന്റ്സ് സർവ്വീസസ് ഡയറക്ടർ ആയിരുന്ന ഡോ. എം.എൻ.സി. ബോസിന്റെ ബാധ്യതയായി തിട്ടപ്പെടുത്തുകയും ആ തുക അദ്ദേഹത്തിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കാനുള്ള ഉത്തരവ് സർവ്വകലാശാല പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാകുറിപ്പ്**

2.6.8 സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടറായിരുന്ന ഡോ. എം.എൻ.സി. ബോസിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും 4,760 രൂപ ഈടാക്കുവാൻ 26-9-2008-ൽ യൂണിവേഴ്സിറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവ് പ്രകാരം തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിച്ചിട്ടില്ല. 4,760 രൂപ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 20-3-2009-ൽ രജിസ്ട്രാർക്ക് ഓഡിറ്റിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്.

**തുടർശിപാർശ**

2.6.9 **യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടറായിരുന്ന ഡോ. എം.എൻ.സി. ബോസിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 142, 143, 144, 145

### ശിപാർശ

2.7.1 മുൻകൂർ തുക അനുവദിക്കുന്നതിന് വ്യക്തമായ നിയമങ്ങളും ചട്ടങ്ങളും നിലവിലിരിക്കേ ഒരേ വ്യക്തിക്കും കോളേജുകൾക്കും ഒന്നിലധികം മുൻകൂറുകൾ അനുവദിച്ച സർവ്വകലാശാല ഉദ്യോഗസ്ഥരുടെ നടപടി ക്രമവിരുദ്ധവും നിലവിലുള്ള നിയമങ്ങളുടെ ലംഘനവും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

2.7.2 സർവ്വകലാശാലയിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ ധനകാര്യ വിഭാഗം യാതൊരു ശുഷ്കാന്തിയും പ്രകടിപ്പിക്കുന്നില്ലെന്നും ആയതിനാൽ ധനകാര്യ വിഭാഗം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർവ്വകലാശാലയിലെ ധനദുർവിനിയോഗം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.7.3 നിലവിലുള്ള നിയമം അനുസരിച്ച് മുൻകൂറുകൾ അനുവദിച്ചാൽ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്നിരിക്കെ വർഷങ്ങൾ കഴിഞ്ഞിട്ടും മുൻകൂറുകൾ ക്രമീകരിക്കുവാനോ, ക്രമീകരിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട മുൻകൂറുകൾ ആദ്യം അനുവദിച്ച സർവ്വകലാശാല ധനകാര്യവിഭാഗം മേധാവി തന്നെ ഇപ്പോഴും സർവ്വകലാശാല ധനകാര്യവിഭാഗം തലവൻ ആയി തുടർന്നിട്ടും ഈ രീതിയിലുള്ള ക്രമക്കേടുകൾ കണ്ടുപിടിക്കാനോ മുൻകൂർ തുക തിരിച്ചടപ്പിക്കാനോ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് മാത്രമല്ല ഇക്കാര്യത്തിൽ ധനകാര്യവിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അക്ഷന്തവ്യമായ വീഴ്ചയാണ് ഉണ്ടായതെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും മുൻകൂറുകൾ പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

2.7.4 മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാൻ വീഴ്ച വരുത്തുന്നവർക്ക് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകരുതെന്നും, മുൻകൂറുകൾ നൽകിയ തുക അവരുടെ വ്യക്തിഗതബാധ്യതയായി നിശ്ചയിച്ച് പിഴപ്പലിശയടക്കം ഈടാക്കിയതിനുശേഷമേ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകാവൂ എന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.7.5 ലിസ്റ്റിൽ പറഞ്ഞിട്ടുള്ള 31 അഡ്വാൻസുകളിൽ 13 എണ്ണം ഒഴികെ ബാക്കി എല്ലാം ക്രമീകരിച്ചിട്ടുള്ളതാണ്. ക്രമീകരിക്കാൻ വേണ്ടി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും യഥാസമയം സർവ്വകലാശാലയിൽ സമർപ്പിക്കാത്തതാണ് ഈ വീഴ്ചയ്ക്ക് കാരണം. ബിൽ സമർപ്പിക്കാൻ കോളേജധികൃതരോട് പല പ്രാവശ്യം ആവശ്യപ്പെട്ടാലും ചിലർ അതിന് വേണ്ടത്ര പ്രാധാന്യം കൊടുത്തുകാണുന്നില്ല.

2.7.6 ചില കോളേജുകൾക്ക് ആദ്യം കൊടുത്ത അഡ്വാൻസ് അപര്യാപ്തമാണ് എന്ന് കാണിച്ച് കൂടുതൽ അഡ്വാൻസിനായി അപേക്ഷിക്കുമ്പോൾ, ആവശ്യപ്പെടുന്ന തുക വേണ്ടതാണോ എന്ന് പരിശോധിച്ച് ആവശ്യമെങ്കിൽ കൂടുതൽ അഡ്വാൻസിന് ഉത്തരവാകാറുണ്ട്.

2.7.7 മേല്പറഞ്ഞ 1997-98-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഇനിയും ക്രമീകരിക്കാത്ത 13 അഡ്വാൻസുകൾ ക്രമീകരിക്കുന്നതിലേക്ക് ബില്ലും, വൗച്ചറുകളും അടിയന്തരമായി സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടാതെ സിൻഡിക്കേറ്റിന്റെ നിർദ്ദേശാനുസരണം, വീഴ്ച വരുത്തിയ ഗവ. കോളേജിലെ പ്രിൻസിപ്പൽമാർക്കും ബില്ലുകൾ അടിയന്തരമായി സമർപ്പിക്കാൻ കത്ത് അയയ്ക്കുകയുണ്ടായി. വീഴ്ച വരുത്തിയ ഗവ. കോളേജിന്റെ പേരും, അഡ്വാൻസ് തുകയുടെ വിവരവും കാണിച്ചുകൊണ്ട് ഡി.സി.ഇ.യ്ക്ക് കത്ത് അയയ്ക്കുകയുണ്ടായി.

2.7.8 ഓഡിറ്റ് റിപ്പോർട്ടിലെ ചില തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നു:

നമ്പർ-27, ശ്രീ. അയ്യപ്പാകോളേജിന് 500 രൂപാ (ഏപ്രിൽ 1997) മാത്രമാണ് കൊടുത്തത്. അഡ്വാൻസ് 5,000 രൂപ എന്നത് ശരിയല്ല. നമ്പർ-29, കോളേജ് ഓഫ് ഫൈൻ ആർട്സ് 15,000 രൂപയാണ് അഡ്വാൻസ് കൊടുത്തത്. 1,500 രൂപ എന്നത് ശരിയല്ല.

2.7.9 പ്രസ്തുത ലിസ്റ്റിൽ ശ്രീ. സി. ജയിംസ്, ശ്രീ. നേശൻ എന്നിവർ മതിയായ രേഖകൾ (ബില്ലുകൾ, വൗച്ചറുകൾ) സമർപ്പിച്ചിട്ടില്ലാത്തതിനാൽ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ലാത്തവരാണ്. അതിനാൽ മേല്പറഞ്ഞ അടിസ്ഥാനങ്ങൾ പറ്റി പിരിഞ്ഞ ഉദ്യോഗസ്ഥരുടെ ബാധ്യതാരഹിത സർട്ടിഫിക്കറ്റും പെൻഷൻ ആനുകൂല്യങ്ങളും മറ്റും അനുവദിക്കാത്തത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീമതി എലിസബത്ത് എബ്രഹാം മൂല്യനിർണ്ണയ ക്യാമ്പിന്റെ ചുമതലയിലിരിക്കുമ്പോൾ മരണമടയുകയും സർവ്വീസിൽ തുടരുമ്പോൾ ചരമമടഞ്ഞതിനാൽ അനന്തരാവകാശിയായി സർവ്വീസിൽ നിയുക്തനായ ഭർത്താവ് ശ്രീ. എ. ബേബി കോടതി വിധിയെത്തുടർന്ന് എലിസബത്ത് എബ്രഹാമിന്റെ ബാധ്യതയിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്തു.

2.7.10 ശ്രീ. എൻ. ശശിധരൻ നായർ സമർപ്പിച്ച രേഖകളിൽ അപാകതകൾ ഉള്ളതിനാൽ ക്രമീകരിച്ചിട്ടില്ല. പ്രസ്തുത വിവരം അദ്ദേഹത്തെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. 1999-2000 പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്രങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർക്ക് നൽകിയ തുകയിൽ ശ്രീ. എൻ. ശശിധരൻ നായർ ഒഴികെയുള്ളവർ ക്രമീകരിച്ചിട്ടുണ്ട്. ശ്രീ. എൻ. ശശിധരൻ നായർ സമർപ്പിച്ച രേഖകളിൽ അപാകതകൾ ഉള്ളതിനാൽ ക്രമീകരിച്ചിട്ടില്ല. പ്രസ്തുത വിവരം അദ്ദേഹത്തെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. 1996-97 ഖണ്ഡിക പതിമൂന്ന് (XIII) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്രങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർക്ക് നൽകിയ തുകയിൽ ശ്രീ. ബി.പി. സതീഷ് കുമാർ, ശ്രീമതി ബീനാകുമാരി എന്നിവർ ക്രമീകരിച്ചിട്ടില്ല. ശ്രീ. ബി. പി. സതീഷ് കുമാർ കുറവുകൾ പരിഹരിച്ച് ബില്ലുകൾ സമർപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ശ്രീമതി ബീനാകുമാരി രേഖകൾ ഇതുവരെയും സമർപ്പിച്ചിട്ടില്ല. ആയതിനാൽ അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2.7.11 1997-98 കാലയളവിൽ പ്രാക്ടിക്കൽ പരീക്ഷ നടത്തിപ്പിലേക്കായി പ്രൊവിഷണൽ അഡ്വാൻസ് നൽകുകയുണ്ടായി. താഴെ കാണിച്ചിട്ടുള്ള കാരണങ്ങളാൽ മിക്ക ബില്ലുകളും ക്രമീകരിക്കാൻ സാധിച്ചിട്ടില്ല.

1. വർക്ക് ഡിസ്ട്രിബ്യൂഷൻ സ്റ്റേറ്റ്മെന്റിന്റെ അഭാവം
2. ചെയർമാന്റെ ഒപ്പിന്റെ അഭാവം
3. ക്ലെയ്മെന്റിന്റെ ഒപ്പിന്റെ അഭാവം
4. ബാക്കി തുക തിരിച്ചടയ്ക്കാതിരിക്കൽ

2.7.12 ഇവ കൂടാതെ ചില അധ്യാപകർ ബില്ല് സമർപ്പിച്ചിട്ടില്ല. മുകളിൽ പറഞ്ഞിട്ടുള്ള തെറ്റുകൾ ചൂണ്ടിക്കാട്ടി അധ്യാപകർക്ക് മെമ്മോ അയച്ചിട്ടുണ്ട്. തെറ്റുകൾ പരിഹരിച്ച് ബില്ലുകൾ സമർപ്പിച്ചാൽ ഉടനടി അതെല്ലാം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.7.13 പരീക്ഷ സംബന്ധിച്ച മുൻകുറുകൾ ഉത്തരവുകൾ പരിശോധിച്ച് അതനുസരിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1996-97 സാമ്പത്തിക വർഷത്തിൽ 31,02,140 രൂപ ക്രമീകരിച്ചിട്ടുണ്ട്. 21,50,000 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

1997-98 സാമ്പത്തിക വർഷത്തിലെ 31 അഡ്വാൻസുകളിൽ 13 എണ്ണം ഒഴികെ ബാക്കി എല്ലാ അഡ്വാൻസുകളും ക്രമീകരിച്ചിട്ടുണ്ട്.

### സമിതി ആരാഞ്ഞ അധികവിവരം

2.7.14 കേരള സർവ്വകലാശാല ചൂണ്ടിക്കാണിച്ച ഓഡിറ്റ് റിപ്പോർട്ടിലെ തെറ്റുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് അതിന്മേലുള്ള വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

### ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കിയ അധിക വിവരം

2.7.15 മൂല്യനിർണ്ണയ ക്യാമ്പുകൾ അടച്ചാലുടൻ മുൻകൂർ തുകകൾ ക്രമീകരിക്കാനുള്ള ശക്തമായ നടപടികൾ തുടങ്ങിയിട്ടുണ്ട്. പലപ്പോഴും പുതിയ ക്യാമ്പുകൾ തുടങ്ങുമ്പോൾ ഉദ്യോഗസ്ഥരുടെ കുറവുമൂലം മുൻകൂർ തുക ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് തന്നെ ക്യാമ്പുകളുടെ ചുമതല നൽകേണ്ടതായി വരുന്നുണ്ട്. മുൻകൂർ തുക അനുവദിക്കുന്നത് വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ മുതലായ ഉദ്യോഗസ്ഥരാണ്. മുൻകൂർ തുകകൾ ഫിനാൻസ് ഓഫീസർ സ്വന്തം നിലയ്ക്ക് അനുവദിക്കാറില്ല. ആയതിനാൽ വിഷയം അതത് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും മേൽ നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. സേവനത്തിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ ബാദ്ധ്യത കണക്കാക്കി മാത്രമേ ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകാറുള്ളൂ. ബാദ്ധ്യത കണക്കാക്കുമ്പോൾ ക്രമീകരിക്കപ്പെടാത്ത മുൻകൂർ തുകകൾ ഉണ്ടെങ്കിൽ അതും ചേർക്കാറുണ്ട്. ബാദ്ധ്യത സർട്ടിഫിക്കറ്റ് പ്രകാരം പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ക്രമീകരിക്കാത്ത തുകകൾ പിടിക്കുകയും ചെയ്യുന്നുണ്ട്.

### അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.7.16 മുൻകൂർ തുകകൾ ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് വീണ്ടും തുകകൾ അനുവദിക്കുന്നതായി യൂണിവേഴ്സിറ്റിയുടെ മറുപടിയിൽ തന്നെ സമ്മതിക്കുന്നുണ്ട്. ധനകാര്യ വകുപ്പ് മേധാവി തന്നെ മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാത്ത ഉദ്യോഗസ്ഥരിൽ നിന്നും പിഴപ്പലിശയടക്കം ഈടാക്കാനുള്ള നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന്റെ നിരീക്ഷണങ്ങളിൽ എന്തെങ്കിലും വസ്തുതാപരമായ തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കാൻ 20-3-2009-ലും 4-2-2010-ലും രജിസ്ട്രാറോട് ഓഡിറ്റിൽ നിന്നും അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ആയതിന് യാതൊരു മറുപടിയും രേഖയും രജിസ്ട്രാർ ഓഡിറ്റിന് നൽകിയിട്ടില്ല.

**തുടർശിപാർശ**

2.7.17 **മുൻകൂറായി നൽകിയ തുക ക്രമീകരിക്കാത്ത ഉദ്യോഗസ്ഥരിൽ നിന്നും പിഴപ്പലിശയടക്കം ഈടാക്കാനുള്ള നിർദ്ദേശവും ഓഡിറ്റ് പരാമർശത്തിലുള്ളതായി സർവ്വകലാശാല ചൂണ്ടിക്കാണിച്ച തെറ്റുകളേതെല്ലാമാണെന്ന് അറിയിക്കുവാനുള്ള നിർദ്ദേശവും നടപ്പിലാക്കുവാനും സമിതി നിർദ്ദേശം ഇതുവരെ പാലിക്കാത്തതിനുള്ള കാരണം അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 159, 160, 161

ശിപാർശ

2.8.1 സമിതി നിർദ്ദേശത്തെ തുടർന്ന് 24-11-2005-ലെ ഒ.എ.ഡി3/എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടിയിൽ സമിതി ഭാവിയിൽ ഇത്തരം ആനുകൂല്യങ്ങൾ നൽകേണ്ടതില്ലായെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. എന്നാൽ സർവ്വകലാശാല രജിസ്ട്രാർ 25-5-2006-ലെ ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ 26430/ബി3/05/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത ഉത്തരവ് തുടരേണ്ടതാണെന്നാണ് അറിയിച്ചിട്ടുള്ളത്. നിയമസഭാ സമിതി മുമ്പാകെ പരസ്പര വിരുദ്ധമായ മറുപടി ലഭ്യമാക്കിയതുവഴി സമിതിയെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ചെന്നും ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥനിൽനിന്നും ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

2.8.2 സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്ന കെ.എസ്.ആർ. തന്നെയാണ് സർവ്വകലാശാലയിലും ബാധകമെന്നിരിക്കെ പ്രസ്തുത ചട്ടങ്ങൾക്ക് വിരുദ്ധമായി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് സർവ്വകലാശാല ഉത്തരവിറക്കുവാൻ പാടില്ലെന്നും ഇത്തരം ഉത്തരവുകളിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ തിരിച്ചുപിടിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.8.3 നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി ദിനബത്തയായി നൽകിയ 11,064 രൂപ ബന്ധപ്പെട്ടവരിൽ നിന്നും അടിയന്തരമായി തിരിച്ചുപിടിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഭാവിയിൽ 8 കിലോമീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്നവർക്ക് ദിനബത്ത നൽകാൻ പാടില്ലെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.8.4 നിലവിലുള്ള യാത്രാപ്പടിനിയമത്തിൽ ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും 8 കി.മീ. താഴെ മാത്രം ദൂരം വരുന്ന യാത്രകൾക്ക് ദിനബത്ത നൽകാൻ വ്യവസ്ഥയില്ല (കെ.എസ്.ആർ. ഒന്നാം വാല്യം ചട്ടം 57). എന്നാൽ ഈ ദൂരപരിധിയിൽ ഇളവ് നൽകി ദിനബത്ത അധ്യാപകർക്കും അനധ്യാപകർക്കും നൽകിവരികയാണ്.

2.8.5 കോളേജ് അധ്യാപകർക്ക് യു.ജി.സി. സ്കെയിൽ നടപ്പിലാക്കിയപ്പോൾ പരീക്ഷ അനുബന്ധ ജോലികൾകൂടി അധ്യാപകരുടെ ജോലിയുടെ ഭാഗമാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ പ്രൈവറ്റ് വിദ്യാർത്ഥികളുടെയും ഐ.ഡി.ഇ. വിദ്യാർത്ഥികളുടെയും പരീക്ഷ സംബന്ധിച്ച ജോലികൾ അധ്യാപകരുടെ ജോലികൾ എന്ന് പറയാൻ നിർവ്വാഹമില്ല. ഈ സാഹചര്യത്തിൽ അധ്യാപകർക്കും അനധ്യാപകർക്കും സർവ്വകലാശാലാ പരീക്ഷാജോലിയോടനുബന്ധിച്ച് ദിനബത്തയും വേതനവും ദൂരപരിധി കണക്കാക്കാതെ കൊടുത്തുവരികയാണ് (ഉത്തരവ് M&C1.-1275/96 തീയതി 4-9-1996).

2.8.6 നിലവിലുള്ള ഉത്തരവ് പിൻതുടരേണ്ടത് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് താഴെപ്പറയുന്ന കാരണങ്ങളാൽ അനിവാര്യമാണ്.

1. മൂല്യനിർണ്ണയ ക്യാമ്പുകളിൽ അധ്യാപകരെ നിയമിക്കുന്നത് സർവ്വകലാശാലയാണ്. ഇതിൽ ഏത് ക്യാമ്പിൽ പങ്കെടുക്കണമെന്നതിന് അധ്യാപകരുടെ സമ്മതം വാങ്ങാറില്ല.

2. ക്യാമ്പുകളിൽ പേപ്പർ മൂല്യനിർണ്ണയം ചെയ്യുമ്പോൾ ചില അധ്യാപകർക്ക് ദിനബത്ത നിഷേധിക്കുമ്പോൾ അത് അധ്യാപകരുടെ ഇടയിൽ പ്രശ്നങ്ങൾ ഉണ്ടാകാനും അത് സർവ്വകലാ ശാലയുടെ മൂല്യനിർണ്ണയ ക്യാമ്പുകളെ പ്രതികൂലമായി ബാധിക്കാനും സാദ്ധ്യതയുണ്ട്.

3. പി.ജി. സെമസ്റ്റർ പരീക്ഷകൾക്ക് അധ്യാപകർക്ക് ദിനബത്തയും യാത്രാബത്തയും മാത്രമേ നൽകാറുള്ളൂ. പേപ്പർ മൂല്യനിർണ്ണയം ചെയ്യുന്നതിന് പ്രതിഫലം നൽകുന്നില്ല.

4. വർഷങ്ങളായി തുടർന്ന് കൊണ്ട് പോകുന്ന അവകാശം നിഷേധിച്ചാൽ സർവ്വകലാശാലയുടെ പ്രവർത്തനത്തെ അത് സാരമായി ബാധിക്കും.

5. പ്രശ്നപരിഹാരത്തിനായി ഈ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വീണ്ടും സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകപ്പിന്റെ മറുപടി

2.8.7 സർവ്വകലാശാല സ്വയംഭരണ സ്ഥാപനമാണെങ്കിലും കെ.എസ്.ആർ. ചട്ടങ്ങൾ ബാധകമാണ്. ആയതിനാൽ 8 കിലോമീറ്റർ താഴെ വരുന്ന യാത്രകൾക്ക് ദിനബത്തയ്ക്ക് അർഹതയില്ല. ആയതിനാൽ നിയമവിരുദ്ധമായി അനുവദിച്ച 11,604 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ആ വിവരം അറിയിക്കുവാൻ ആവശ്യപ്പെടാവുന്ന താണ്. സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പകരം സർവ്വകലാശാലയുടെ നടപടിയെ ന്യായീകരിക്കുന്ന തരത്തിലുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്.

### സമിതി ആരാഞ്ഞ അധിക വിവരം

2.8.8 കെ.എസ്.ആർ. അനുസരിച്ച് മാത്രമേ റ്റി.എ.-യും ഡി.എ.-യും നൽകാൻ പാടുള്ളൂവെന്നും അതിന് വിരുദ്ധമായി നൽകിയ 11,064 രൂപ റിയലൈസ് ചെയ്യണമെന്നും ഭാവിയിൽ കെ.എസ്.ആർ. അനുസരിച്ച് മാത്രമേ യാത്രാബത്ത അനുവദിക്കാൻ പാടുള്ളൂവെന്നുമുള്ള സമിതിയുടെ ശിപാർശ ആവർത്തിച്ച പ്രസ്തുത ശിപാർശയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുക.

### ഉന്നത വിദ്യാഭ്യാസ വകപ്പിൽ നിന്നും ലഭ്യമാക്കിയ അധികവിവരം

2.8.9 സ.ഉ. എം.&സി.2.-1400/08 തീയതി 26-11-2008 സർവ്വകലാശാല ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റി ആസ്ഥാനത്തിൽ നിന്നും കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിലേക്കുള്ള ദൂരം 8 കി.മീറ്ററിനകമാണെങ്കിലും സഞ്ചരിച്ച ദൂരപ്രകാരം യാത്രാബത്ത അനുവദിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.

### അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.8.10 KSR പ്രകാരം 8 കിലോമീറ്ററിന് താഴെയുള്ള യാത്രയ്ക്ക് ദിനബത്ത അനുവദിക്കാൻ പാടില്ലായെന്ന് യൂണിവേഴ്സിറ്റി ഉത്തരവ് പുറപ്പെടുവിക്കണമെന്ന സഭാ സമിതി നിർദ്ദേശം നാളിതുവരെ പാലിച്ചതായി കാണുന്നില്ല. ഇതിനുപകരമായി 26-11-2008 ലെ M&C2-1400/2008-ാം നമ്പർ ഉത്തരവ് പ്രകാരം 8 കിലോ മീറ്ററിന് താഴെയുള്ള യാത്രകൾക്കും TA/DA യഥാർത്ഥ ദൂരത്തെ അടിസ്ഥാനമായി നിലവിലുണ്ടായിരുന്ന രീതിപ്രകാരം നൽകാൻ സിൻഡിക്കേറ്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ച് നടപ്പിലാക്കി വരുന്നു. ഇത് ചട്ടവിരുദ്ധമായതിനാൽ സമിതി നിർദ്ദേശ പ്രകാരം പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ യൂണിവേഴ്സിറ്റി നടപടി സ്വീകരിക്കേണ്ട താണ്.

**തുടർശിപാർശ**

**2.8.11 അൺ എയ്ഡഡ് കോളേജിലെ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം നടത്തുന്ന സർക്കാർ കോളേജ് അധ്യാപകർക്ക് ഓണറേറിയം നൽകുന്നത് തുടരാമെന്ന സർക്കാർ തീരുമാനവും ആയതിലേക്ക് നയിച്ച സാഹചര്യവും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 170, 171, 172, 173**

<u>ശിപാർശ</u>

2.9.1 സർക്കാർ കോളേജുകൾ പരീക്ഷാ ഫീസടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയതിനെ സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ സെക്രട്ടറി അന്വേഷിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതിനെ തുടർന്ന് സർവ്വകലാശാലാ രജിസ്ട്രാർ പ്രസ്തുത വിഷയം ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്ന മറുപടി സമിതിക്ക് നൽകിയിരുന്നു. എന്നാൽ ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ട ഗവൺമെന്റ് സെക്രട്ടറി അദ്ദേഹത്തിന്റെ തന്നെ 26430/ബി3/05 കത്തുപ്രകാരം "ഗവൺമെന്റ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്" എന്നാണ് സമിതിയെ അറിയിച്ചിരിക്കുന്നത്. ഓഡിറ്റ് പരാമർശം പരിശോധിച്ച് മറുപടി നൽകേണ്ട ഉദ്യോഗസ്ഥൻ ആയതിന് തന്നെത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നത് പരിഹാസ്യമാണ്.

2.9.2 സർവ്വകലാശാല ലഭ്യമാക്കിയ മറുപടി എന്താണെന്ന് പോലും നോക്കാതെ അതേപടി സമിതിക്ക് ലഭ്യമാക്കിയ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നടപടി അത്യന്തം ഖേദകരവും അപലപനീയവുമാണ്. ആയതിനാൽ നിയമസഭാ കമ്മിറ്റിക്ക് ഉത്തരവാദിത്വരഹിതമായി റിപ്പോർട്ട് ലഭ്യമാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

2.9.3 ഉന്നതവിദ്യാഭ്യാസ വകുപ്പ് സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിൽ ഇടപെടാറില്ലെന്നും വകുപ്പ് സ്വന്തം ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതായിട്ടുമാണ് സമിതി മനസ്സിലാക്കുന്നത്.

2.9.4 പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.9.5 സർവ്വകലാശാല സ്വയംഭരണ സ്ഥാപനമാകയാൽ അവയുടെ ഭരണ നിർവ്വഹണം, നിയമ നിർമ്മാണം വഴി പ്രാബല്യത്തിലുള്ള ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ ചട്ടപ്രകാരം വിവിധ സർവ്വകലാശാലാ ഭരണ സമിതികൾ തന്നെയാണ് നിർവ്വഹിക്കുന്നത്. ഈ സാഹചര്യത്തിൽ അവരുടെ ദൈനംദിന ഭരണ പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടാറില്ല. എന്നാൽ ഓഡിറ്റ് പരിശോധനയിലും മറ്റും സർവ്വകലാശാലയുടെ ഭാഗത്ത് നിന്നുമുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെടുമ്പോൾ സർക്കാർ കർശനമായ താക്കീത് നൽകുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സർവ്വകലാ ശാലകൾ സിൻഡിക്കേറ്റ് തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഓഡിറ്റ് നിർദ്ദേശങ്ങളും സർക്കാർ ചട്ടങ്ങളും മറികടന്ന് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ 10-2-2009-ലെ 35034/ബി1/08/ഉ.വി.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ കർശനമായ താക്കീത് നൽകുകയുണ്ടായി. സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക അച്ചടക്ക നടപടികൾ പൂർണ്ണമായും പാലിക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ശിപാർശകളും നിർദ്ദേശങ്ങളും ലംഘിക്കുവാൻ പാടില്ലെന്നും ഈ സർക്കുലറിലൂടെ സർവ്വകലാശാലകൾക്ക് താക്കീത് നൽകിയിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.9.6 ഓഡിറ്റ് കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നുണ്ടെന്നും സർക്കാർ നിർദ്ദേശങ്ങൾ തുടർന്നും പാലിക്കുന്നുണ്ടെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർവ്വകലാശാല വീഴ്ച വരുത്തുമ്പോൾ സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാകയാൽ സർക്കാരിന് ഇടപെടാൻ പറ്റില്ല എന്ന നിലപാട് സ്വീകരിക്കുന്നത് ക്രമക്കേടുകൾ അനുസ്യൂതം തുടരാൻ ഇടയാക്കുന്നതാണ്. ഓഡിറ്റിലും മറ്റും ചൂണ്ടിക്കാണിക്കുന്ന ക്രമക്കേടുകൾ തടയുന്നതിന് ഇടപെടാൻ നിയമപരമായ തടസ്സം എന്തെങ്കിലും ഉണ്ടെങ്കിലും അവ നീക്കം ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്.

2.9.7 സർക്കാർ നിർദ്ദേശങ്ങളും നിലവിലുള്ള നിയമങ്ങളും സർവ്വകലാശാല കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആയതിന് സർവ്വകലാശാല നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

**തുടർശിപാർശ**

2.9.8 **സമിതി ശിപാർശയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി പ്രസ്തുത വിഷയവുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള വിഷയം സംബന്ധിച്ച വിവരം ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശമുണ്ടായിട്ടും കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനും ശരിയായ കണക്കുകൾ വ്യക്തമാക്കുന്നതിനും നടപടികൾ എടുക്കാതിരുന്നത് കുറ്റകരമായ അനാസ്ഥയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സർക്കാർ നിർദ്ദേശങ്ങളും നിലവിലുള്ള നിയമങ്ങളും സർവ്വകലാശാലകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അവ പാലിക്കാത്തവയുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുന്നതിനും സർവ്വകലാശാലാ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ആയതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.**

2.9.9 **സമിതി റിപ്പോർട്ടിലെ ശിപാർശകൾക്കാധാരമായ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും വിവിധ കോളേജുകളിൽ നിന്ന് പിരിഞ്ഞ് കിട്ടേണ്ടതുമായ തുകയിൽ ഇനിയും കുടിശ്ശികയായി അവശേഷിക്കുന്ന തുകയെത്രയെന്നും ആയത് പിരിച്ചെടുക്കുന്നതിനും അക്കാര്യം അന്വേഷണം നടത്തി സർക്കാരിനെ അറിയിക്കുന്നതിനും സ്വീകരിച്ച നടപടിയെന്തെന്ന് അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

2.9.10 **സർക്കാർ കോളേജുകൾ കൃത്യമായി ഫീസ് അടയ്ക്കാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാലകൾക്ക് അധികാരം നൽകുന്നതിനായി സർവ്വകലാശാല നിയമത്തിൽ പീനൽ പ്രൊവിഷൻ കൂടി ഉൾപ്പെടുത്തുന്നതിനായി നിയമഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 185, 186**

<u>ശിപാർശ</u>

2.10.1 പാഠപുസ്തകം അച്ചടിക്കുന്നതിനായി സ്വകാര്യ പ്രസ്സുടമകൾക്ക് നൽകിയ പേപ്പറിൽ അശോകാ പ്രസ്സ് (3.134 റീം) ലക്ഷ്മി പ്രിന്റേഴ്സ് (2.059 റീം) എന്നീ സ്ഥാപനങ്ങൾക്ക് കൊടുത്തതിൽ 5.193 റീം അധികമാണെന്നും, അധികമായി നൽകിയ അച്ചടിക്കടലാസ് തിരികെ വാങ്ങുന്നതിനോ ആയതിന്റെ വില പ്രസ്സുടമകളിൽ നിന്നും ഈടാക്കുന്നതിനോ സർവ്വകലാശാലയുടെ ഭാഗത്ത് നിന്നും നടപടി ഉണ്ടായിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. അച്ചടിക്കടലാസ് നൽകുന്നത് സംബന്ധിച്ച വിവിധ ഓഡിറ്റ്

ഖണ്ഡികകൾക്ക് സർവ്വകലാശാല സമിതിക്ക് സമർപ്പിച്ച വിശദീകരണത്തിൽ M/s. പ്രിന്റേഴ്സ്, നവധാര കളർ പ്രിന്റേഴ്സ്, സംഗീത പ്രിന്റേഴ്സ്, ശ്രീദേവി പ്രിന്റേഴ്സ് എന്നിവർ പേപ്പർ തിരികെ നൽകാനുള്ളതിനാൽ, അവരുടെ ഒടുവിലത്തെ ബിൽ തുകയും, ജാമ്യത്തുകയും നൽകിയിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ യൂണിവേഴ്സിറ്റിക്ക് തിരികെ ലഭിക്കുവാനുള്ള പേപ്പറിന്റെ മൂല്യത്തിന് ആനുപാതികമായുള്ള തുക ഈ തുകകൾ ഈടാക്കിയാൽ ലഭിക്കുമോ എന്നത് സംബന്ധിച്ച് സമിതിയെ അറിയിച്ചിട്ടില്ല ആയതിനാൽ അച്ചടി സംബന്ധമായ കണക്കുകൾ അടിയന്തരമായി സെറ്റിൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്നും അതിനുശേഷം സ്വകാര്യ പ്രസ്സുകൾക്ക് അച്ചടിക്കായി നൽകിയ പേപ്പറിന്റെ ഉപയോഗം സംബന്ധിച്ച രജിസ്റ്ററുകൾ അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിക്കണമെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് തടസ്സത്തിൽ തീർപ്പ് കല്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.10.2 അച്ചടിശാലകളിൽ നിന്നും ലഭിക്കുന്ന ബില്ലിൽ, സർവ്വകലാശാല നൽകിയ കടലാസ്സിന്റെ അളവും, ഉപയോഗിച്ച കടലാസ്സിന്റെയും ബാക്കിയുള്ള കടലാസ്സിന്റെയും അളവും കൃത്യമായി രേഖപ്പെടുത്തിയിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ബില്ലുകൾ പാസ്സാക്കി നൽകുമ്പോൾ ബാക്കിയുള്ള കടലാസ്സിന്റെ വില തട്ടിക്കിഴിച്ചത് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.10.3 പരാമർശിക്കപ്പെട്ട അച്ചടിശാലകളിൽ ചുവടെപ്പറയുന്ന ആറെണ്ണം ഒഴികെ ബാക്കിയുള്ളവ ഇപ്പോഴും വിദൂര പഠനകേന്ദ്രത്തിന്റെ അച്ചടിജോലികൾ നിർവ്വഹിക്കുന്നുണ്ട്. ഇപ്പോഴും അച്ചടിജോലികൾ നിർവ്വഹിക്കുന്ന പ്രസ്സുകൾ പരാമർശിക്കപ്പെട്ട ബാക്കി പേപ്പറുകൾ തുടർവർഷത്തെ അച്ചടിജോലികൾക്ക് പ്രയോജനപ്പെടുത്തിയിട്ടുള്ളതിനാൽ ആ വകയിൽ നഷ്ടം ഉണ്ടായിട്ടില്ല.

| ക്രമ നമ്പർ | പ്രസ്സിന്റെ പേര് | തിരികെ ലഭിക്കേണ്ട പേപ്പർ (റീം) | സെക്യൂരിറ്റി ഡെപ്പോസിറ്റ് (രൂ.) | അനുവദിക്കാത്ത ബിൽ (രൂ.) |
|---|---|---|---|---|
| 1 | അശോക പ്രിന്റേഴ്സ് | 3-134 | 1000 | 5460 |
| 2 | ലക്ഷ്മി പ്രിന്റേഴ്സ് | 2-059 | 1000 | -- |
| 3 | 999 പ്രിന്റേഴ്സ് | 1-397 | 1000 | 1225 |
| 4 | നവധാര കളർ പ്രിന്റേഴ്സ് | 4-081 | 1000 | 1210 |
| 5 | സംഗീത പ്രിന്റേഴ്സ് | 0-431 | 1000 | -- |
| 6 | ശ്രീദേവി പ്രിന്റേഴ്സ് | 2-349 | 1000 | -- |
| | ആകെ | 13-451 | 6000 | 7895 |

മേൽ വിവരിച്ചുള്ള പട്ടികപ്രകാരം 7,000 രൂപ വിലവരുന്ന 13 റീം 451 ഷീറ്റ് സർവ്വകലാശാലയ്ക്ക് വരേണ്ടതായിട്ടുണ്ട്. എന്നാൽ 6,000 രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റും അച്ചടി ബിൽ തുകയായ 7,895 രൂപയും (മൊത്തം രൂപ 13,895) കൊടുത്തിട്ടില്ല. അവർ പേപ്പർ തിരികെ നൽകുന്നതനുസരിച്ച് ഈ തുക മടക്കി നൽകുന്നതാണ്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.10.4 '5.193 റീം പേപ്പർ' അധികമായി നൽകിയതാണ്. അശോക പ്രസ്സ്, ലക്ഷ്മി പ്രസ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും സർവകലാശാലയ്ക്ക് ലഭിക്കേണ്ടിയിരുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റ്, അനുവദിക്കാത്ത ബില്ല്, എന്നിവയിൽ തടഞ്ഞുവച്ചിരിക്കുകയാണെന്നും പേപ്പർ തിരികെ നൽകുന്നതനുസരിച്ച് തുക മടക്കിനൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ഇതിന്റെ അന്തിമ നടപടി ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

2.10.5 സർവ്വകലാശാല നൽകിയ മറുപടിയിൽ 2.059 റീം പേപ്പർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രാദേശിക പരിശോധനാവേളയിലും ലക്ഷ്മി പ്രിന്റേഴ്സിൽ നിന്നും ലഭിക്കേണ്ടുന്ന പേപ്പർ 2.156 റീം എന്നാണ് കാണുവാൻ കഴിഞ്ഞത്.

## സമിതി ആരാഞ്ഞ അധികവിവരം

2.10.6 പാഠപുസ്തകം അച്ചടിക്കുന്നതിനായി ആറ് സ്വകാര്യ പ്രസ്സുടമകൾക്ക് നൽകിയ പേപ്പറിന്റെ വിലയായ 7,000 രൂപ ഈടാക്കി ആയതിന്റെ വിവരം ലഭ്യമാക്കുക.

## ഉന്നത വിദ്യാഭ്യാസവകുപ്പ് ലഭ്യമാക്കിയ അധികവിവരം

2.10.7 പരാമർശവിധേയമായിട്ടുള്ള പ്രസ്സുകളിൽ ആറെണ്ണം മാത്രമേ ഇപ്പോൾ അച്ചടി നിർത്തിയിട്ടുള്ളൂ. ഈ ആറു പ്രസ്സുകളും കൂടി 13 റീം 451 ഷീറ്റ് പേപ്പറാണ് യൂണിവേഴ്സിറ്റിക്ക് തിരികെ തരാനുള്ളത്. എന്നാൽ ഈ പ്രസ്സുകളിൽ നിന്നും നിരതദ്രവ്യമായ 6,000 രൂപയും അച്ചടിക്കൂലിയായ 7,895 രൂപയും തടഞ്ഞുവച്ചിട്ടുണ്ട്. 1997-1999 കാലയളവിൽ ഒരു റീം പേപ്പറിന് 500 രൂപയിൽ താഴെ മാത്രമേ വിലയുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് 13 റീം 451 ഷീറ്റ് പേപ്പറിനുവേണ്ടി 13,985 രൂപ (7895+6000) തടഞ്ഞു വച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ യൂണിവേഴ്സിറ്റിക്ക് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ല.

## അധിക വിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.10.8 സഭാ സമിതിയുടെ അന്തിമ തീരുമാനപ്രകാരം 7,000 രൂപ ഈടാക്കാൻ നടപടികളൊന്നും യൂണിവേഴ്സിറ്റി കൈക്കൊണ്ടിട്ടില്ല. ഈ വിഷയത്തിൽ വീണ്ടും ഒരു മറുപടി യൂണിവേഴ്സിറ്റിയിൽ നിന്നും നൽകുകയാണുണ്ടായത്. പ്രസ്തുത മറുപടിയുടെ നിജസ്ഥിതി ഉറപ്പാക്കാനാവശ്യമായ രേഖകളും ഓഡിറ്റിൽ നൽകിയിട്ടില്ല.

**ഇടർശിപാർശ**

2.10.9 **ശിപാർശയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചതായി നടപടി കോളത്തിൽ ഒന്നും വ്യക്തമാക്കിയിട്ടില്ലെന്നും സഭാസമിതിയുടെ അന്തിമ തീരുമാനമനുസരിച്ച് 7,000 രൂപ ഈടാക്കുവാൻ സർവ്വകലാശാല നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും, സമിതി വിലയിരുത്തുന്നു. സമിതി ശിപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ച് വ്യക്തമായ മറുപടി നൽകാതെ വിഷയത്തെ നിസ്സാരവൽക്കരിക്കുവാൻ സർവ്വകലാശാല ശ്രമിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു.**

**സമിതിയുടെ റിപ്പോർട്ടിലെ 185, 186 ശിപാർശ ഖണ്ഡികകളുടെ ഓരോന്നിന്റെയും നമ്പരും ശിപാർശയും രേഖപ്പെടുത്തി അവയ്ക്കു നേരെ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഉൾക്കൊള്ളിച്ച് നിർദ്ദിഷ്ട മാതൃകയിൽ മറുപടി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 197, 198, 199, 200, 201, 202**

<u>ശിപാർശ</u>

2.11.1 സർവ്വകലാശാല രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ഡെലിവറി നോട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള തെറ്റുകൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമെന്നാണറിയിച്ചിരുന്നത്. എന്നാൽ സർവ്വകലാശാല രജിസ്ട്രാർ 24-11-2006-ൽ ലഭ്യമാക്കിയ മറുപടിയിൽ അച്ചടി ജോലിയിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും അവ പൂർത്തിയാക്കി ഡെലിവറി ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളതും ഓഡിറ്റിനെ സംബന്ധിച്ച തെളിവെടുപ്പിനുശേഷം എഴുതി ചേർത്ത് തെറ്റുകൾ പരിഹരിച്ചതാണെന്നാണ് ഇതിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ തെളിവെടുപ്പുവേളയിൽ സമിതിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം തെറ്റുകൾ വരുത്തിയതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ഡെലിവറി നോട്ടിൽ തിരുത്തലുകൾ വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ഔദ്യോഗിക രേഖയിൽ കൃത്രിമം നടത്തിയതിന് നടപടി സ്വീകരിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

2.11.2 സർവ്വകലാശാല പ്രസ്സുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാട്ടിയ 1,14,280 രൂപയുടെ നഷ്ടം പ്രസ്സിന്റെ ചുമതലയുള്ള ശ്രീ. എം. കെ. തമ്പാന്റെ വ്യക്തിഗത ബാദ്ധ്യതയായി നിശ്ചയിച്ച് ടിയാനിൽ നിന്നും പിഴ പലിശയടക്കം മൂന്നുമാസത്തിനുള്ളിൽ ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.11.3 നിലവിലുള്ള സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ് സർവ്വകലാശാലയിൽ നടന്നിരിക്കുന്നതെന്നും ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥർ ക്കെതിരെ സാമ്പത്തിക ദുർവിനിയോഗത്തിനും ക്രമക്കേടിനുമെതിരെയുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.11.4 പ്രസ്തുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ പരാമർശിക്കപ്പെട്ട തെറ്റുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ ഇവ ആവർത്തിക്കുന്നി ല്ലെന്നുറപ്പുവരുത്തണമെന്നും ഇതിനായി സർവ്വകലാശാല സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.11.5 ആൻസർ ഷീറ്റുമായി ബന്ധപ്പെട്ട് നഷ്ടപ്പെട്ട 35,734 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് പിഴപ്പലിശയടക്കം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.11.6 പ്രസ്സിന്റെ ചുമതലയുള്ള ശ്രീ. എം. കെ. തമ്പാൻ റിട്ടയർ ചെയ്യുന്നതിനു മുമ്പായി ടിയാനെതിരെയുള്ള നടപടികൾ പൂർത്തിയാക്കിയിരിക്കണമെന്നും ഇതിനു വിരുദ്ധമായി ടിയാനെ റിട്ടയർ ചെയ്യാൻ അനുവദിച്ചാൽ ടിയാന്റെ പേരിലുള്ള ബാദ്ധ്യതകൾ ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്നും ശ്രീ. എം. കെ. തമ്പാനെതിരെ നഷ്ടം ഈടാക്കുന്നതിനൊപ്പം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.11.7 സർവ്വകലാശാല അച്ചടിശാലയിൽ ഡെലിവറി നോട്ടിന്റെ ബുക്കുകൾ ബയന്റിംഗ് സെക്ഷനിലെ ഡെസ്പാച്ച് വിഭാഗത്തിലെ സീനിയർ ഫോർമാന്റെ കസ്റ്റഡിയിലാണ് സൂക്ഷിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്ന തിരുത്തലുകൾ വരുത്തിയ ഡെലിവറി നോട്ടിന്റെ ക്വാഡ്രിപ്ലിക്കേറ്റ് കോപ്പി പ്രസ്സിലെ സെക്യൂരിറ്റി റൂമിൽ നിന്നും കണ്ടെടുത്തു. ഇതിന്റെ ഒറിജിനൽ ബുക്ക് കണ്ടെത്താനായില്ല. ക്വാഡ്രിപ്ലിക്കേറ്റ് കോപ്പി പരിശോധിച്ചപ്പോൾ ഓഡിറ്റിൽ പരാമർശിക്കപ്പെട്ട എഴുതി ചേർക്കലുകൾ ഒരേ ഹാൻഡ്റൈറ്റിംഗ് ആണെന്നും അന്നത്തെ ഡെസ്പാച്ചറായ സീനിയർ ഫോർമാൻ ശ്രീ. എം. ഗോപിനാഥൻ നായർ ഇതിൽ ഒപ്പിട്ടിട്ടുണ്ടെന്നും കാണാൻ കഴിഞ്ഞു. അദ്ദേഹം 31-1-2001-ൽ യൂണിവേഴ്സിറ്റി സർവ്വീസിൽ നിന്നും വിരമിച്ചു. ഇതിൽ അന്നത്തെ സൂപ്രണ്ടായ ശ്രീ. എം. കെ. തമ്പാനും ഒപ്പ് ഇട്ടിട്ടുണ്ട്. ഈ ഡെലിവറി നോട്ടിന്റെ പ്രത്യേകത 13-5-1997-ൽ ഡെസ്പാച്ചറും അന്നേദിവസം തന്നെ എക്സാമിനേഷൻ സ്റ്റോറിൽ കിട്ടിയതായി റിസീവിംഗ് ഓഫീസറും ഒപ്പ് ഇട്ടിട്ടുണ്ട്. പക്ഷെ പ്രസ്സ് സൂപ്രണ്ട് ഒപ്പ് ഇട്ടിരിക്കുന്നത് 14-5-1997-ലാണെന്ന് മനസ്സിലാക്കാൻ സാധിക്കും.

2.11.8 ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണനിർവ്വഹണ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2.11.9 സർവ്വകലാശാല അച്ചടിശാലയിലെ സുരക്ഷാ സംവിധാനം ശക്തമാക്കിയതിന്റെ ഭാഗമായി സെക്യൂരിറ്റി ഉദ്യോഗസ്ഥന് കൈമാറുന്ന ഡെലിവറി നോട്ടിന്റെ ട്രിപ്ലിക്കേറ്റ്, ഡ്യൂപ്ലിക്കേറ്റുമായി പരിശോധിച്ചതിനുശേഷമേ അച്ചടിച്ച സാധനങ്ങൾ പുറത്ത് പോകാൻ അനുമതി നൽകുന്നുള്ളൂ. ഇതിൽ പ്രസ്സിലെ മേലധികാരികളുടെ ഒപ്പ് ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഭാവിയിൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ എഴുതിചേർക്കലുകൾ ഉണ്ടാകാതിരിക്കാൻ വേണ്ടി ഡെലിവറി നോട്ടിലെ പൂരിപ്പിക്കാത്ത ഭാഗങ്ങൾ വെട്ടുകയും അതിനു ശേഷം അച്ചടിശാലാ മേലധികാരികൾ ഒപ്പ് ഇടുമ്പോൾ ഒറിജിനൽ, ഡ്യൂപ്ലിക്കേറ്റ്, ട്രിപ്ലിക്കേറ്റ് എന്നിവ പരിശോധിക്കുന്നതിനും, ഇപ്രകാരം ഡെലിവറി ചെയ്യുന്ന സാധനങ്ങൾ കൃത്യമായി ജോബ് ടിക്കറ്റിൽ ഡെലിവറി നോട്ട് നമ്പർ, തീയതി, എണ്ണം എന്നിവ രേഖപ്പെടുത്തിയിരിക്കണം എന്നുമുള്ള നിബന്ധനകൾ കർക്കശമായി നടപ്പിലാക്കി.

2.11.10 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ആൻസർഷീറ്റുകൾ സർവ്വകലാശാലാ പരീക്ഷാവിഭാഗം സ്റ്റോറിൽ എത്തിയിട്ടുള്ളതും ആയത് "ആൻസർ ബുക്ക് സ്റ്റോക്ക് രജിസ്റ്റർ" വാല്യം I-ൽ 30,131, 135 എന്നീ പേജുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ആയത് ലോക്കൽ ഫണ്ട് ഓഡിറ്റിന് പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്.

2.11.11 ശ്രീ. എം. കെ. തമ്പാൻ 31-5-2006-ൽ അടിത്തുൺപറ്റി പിരിഞ്ഞു. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന മുറയ്ക്ക് ടിയാന്റെ പേരിലുള്ള ബാധ്യതകൾ ഈടാക്കുന്നതാണ്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.11.12 പ്രസ്സിൽ നിന്നും പരീക്ഷാ സ്റ്റോറിലേക്ക് സാധനങ്ങൾ അയയ്ക്കുമ്പോൾ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും എക്സാമിനേഷൻ സ്റ്റോറിലേക്ക് അയച്ചുകൊടുക്കുകയും ഒറിജിനൽ കോപ്പിയിൽ റിസീവിംഗ് ഓഫീസർ (എക്സാമിനേഷൻ വിഭാഗം) ടിയാന്റെ ഒപ്പോടുകൂടി അച്ചടിശാലയിലേക്ക് മടക്കി അയയ്ക്കുകയും ചെയ്യുന്നു. എന്നാൽ ഇവിടെ ഒറിജിനൽ ലഭ്യമല്ലെന്ന് വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ തിരുത്തലുകൾ വരുത്തിയിരിക്കാം. ഔദ്യോഗിക രേഖയിൽ കൃത്രിമം നടത്തിയ ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി സർവ്വകലാശാല അറിയിച്ചിട്ടില്ല. സമിതിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി കാണേണ്ടതാണ്.

2.11.13 ഖണ്ഡിക 199,200 എന്നിവയിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ ഭരണ നിർമ്മാണ വിഭാഗം നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ്.

2.11.14 സർവ്വകലാശാല പുറപ്പെടുവിച്ച നിബന്ധനകൾ പ്രസ്സിൽ നടപ്പിലാക്കി വരുന്നുണ്ടോ എന്ന് അടുത്ത ഓഡിറ്റ് വേളയിൽ പരിശോധിക്കുന്നതാണ്.

2.11.15 64 റീം 345 ഷീറ്റ് പേപ്പർ സർവ്വകലാശാല പരീക്ഷാ വിഭാഗം സ്റ്റോറിലെ ആൻസർ ബുക്ക് സ്റ്റോക്ക് രജിസ്റ്റർ വാല്യം I-ൽ 30, 131, 135 എന്നീ പേജുകളിൽ രേഖപ്പെടുത്തിയത് ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മറുപടി അംഗീകരിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

2.11.16 സർവ്വകലാശാലയുടെ മറുപടി അംഗീകരിക്കാവുന്നതാണ്. ടിയാന്റെ ബാദ്ധ്യതകൾ ഈടാക്കിയ വിവരം അറിയിക്കുന്നതനുസരിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

2.11.17 സർവ്വകലാശാല പ്രസ്സുമായി ബന്ധപ്പെട്ട് ലഭിക്കാനുള്ള 1,14,280 രൂപ ശ്രീ. എം. കെ. തമ്പാനിൽ നിന്ന് ഈടാക്കിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുക.

## ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ അധികവിവരം

2.11.18 ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾക്കായി റവന്യൂ വിഭാഗത്തിലെ അധികാരികളെ ചുമതലപ്പെടുത്തുവാൻ 22-11-2008-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനിച്ചു.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.11.19 ശ്രീ. എം. കെ. തമ്പാനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ സിൻഡിക്കേറ്റ് തീരുമാനമായെങ്കിലും തീരുമാനം നടപ്പാക്കിയതിന്റെ രേഖകളൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

## തുടർ ശിപാർശ

2.11.20 **പ്രസ്തുത ഖണ്ഡികകളിലെ ശിപാർശ പ്രകാരം ശ്രീ. എം. കെ. തമ്പാനെതിരെ ആർ. ആർ. നടപടികൾ സ്വീകരിക്കുന്നതിന് 2008-ൽ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടും, 2009-ൽ സിൻഡിക്കേറ്റ് കമ്മിറ്റി രൂപീകരിച്ചത് കുറ്റക്കാരനായ ഉദ്യോഗസ്ഥനെ രക്ഷപ്പെടുത്താൻ വേണ്ടിയുള്ള ശ്രമമാണെന്നും സിൻഡിക്കേറ്റ് തീരുമാനം നടപ്പാക്കിയതിന്റെ രേഖകളൊന്നും**

ഓഡിറ്റിന് നൽകിയിട്ടില്ലെന്നും നിരീക്ഷിക്കുന്നു. 2009-ൽ ഫയൽ ചെയ്ത കേസിൽ 2012-ൽ മാത്രമാണ് എതിർസത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതെന്നതിൽ നിന്നും ഇക്കാര്യത്തിൽ സർവ്വകലാശാലാ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാകുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ഫയലുകൾ ഒരു മാസത്തിനകം ഓഡിറ്റിന് സമർപ്പിക്കണമെന്നും, നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതിക്കു നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, ശ്രീ. എം. കെ. തമ്പാനിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കാനുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.11.21 ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.11.22 ടിയാൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച കേസിൽ പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കാൻ അടിയന്തര നടപടി സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 210, 211

#### ശിപാർശ

2.12.1 യൂണിവേഴ്സിറ്റി പ്രസ്സിലെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗുരുതരമായ കൃത്യവിലോപം കാട്ടിയതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും കുറവു വന്ന പേപ്പറിന്റെ വില പിഴപ്പലിശ ഉൾപ്പെടെ പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

2.12.2 യൂണിവേഴ്സിറ്റി പ്രസ്സിലെ പ്രസ്സ് സൂപ്രണ്ട്, സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പ്രസ്സിന്റെ ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ഇവ പരിശോധിച്ച് തെറ്റുകൾ കണ്ടുപിടിക്കേണ്ടതുമായിരുന്നു. എന്നാൽ സർവ്വകലാശാല പ്രസ്സിൽ ഈ നടപടി കൃത്യമായി നടത്തിയിട്ടില്ലെന്നാണ് പുനഃപരിശോധനയിലും മനസ്സിലാകുന്നത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന് നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും കൃത്യമായ ഇടവേളകളിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും കൃത്യമായ ഇടവേളകളിൽ ഈ രജിസ്റ്റർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.12.3 സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനോടൊപ്പം ഈ രജിസ്റ്ററിലെ ഓരോ പേജിലെയും എൻട്രീസ് അവസാനിക്കുമ്പോൾ ആ അക്കൗണ്ടുകൾ പരിശോധിച്ച് പ്രസ്സ് സൂപ്രണ്ട് കൗണ്ടർ സൈൻ ചെയ്യുകയും മാസത്തിലൊരിക്കൽ സ്റ്റോക്ക് ബാലൻസും ബുക്ക് ബാലൻസും പരിശോധിക്കുകയും ചെയ്യുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.12.4 78,403 രൂപയുടെ നഷ്ടത്തിനുത്തരവാദിയായ ജീവനക്കാരിൽ നിന്ന് ഈടാക്കുവാൻ സമിതിയുടെ നിർദ്ദേശമുണ്ടായെങ്കിലും അതിൽ ഒരു നടപടിയും എടുത്തതായി സർവ്വകലാശാലയുടെ മറുപടിയിൽ ഇല്ല.

### സമിതി ആരാഞ്ഞ അധികവിവരം

2.12.5 സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കുറവായി കണ്ടെത്തിയ പേപ്പറിന്റെ വിലയായ 10,573 രൂപ അന്നത്തെ പ്രസ്സ് സൂപ്രണ്ടായിരുന്ന ശ്രീ. എം. കെ. തമ്പാനിൽ നിന്ന് ഈടാക്കി ആയതിന്റെ വിശദവിവരം ലഭ്യമാക്കുക.

### ഉന്നത വിദ്യാഭ്യാസവകുപ്പ് ലഭ്യമാക്കിയ അധികവിവരം

2.12.6 ടിയാന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ഈ തുക ഈടാക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.12.7 റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ സിൻഡിക്കേറ്റ് തീരുമാനം കൈക്കൊണ്ടുവെങ്കിലും തീരുമാനം നടപ്പാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ നൽകിയിട്ടില്ല

### തുടർശിപാർശ

2.12.8 **ശ്രീ. എം. കെ. തമ്പാനിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കാനുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 212, 213

ശിപാർശ

2.13.1 സർവ്വകലാശാല അച്ചടിക്കാൻ ഏല്പിക്കുന്ന പുസ്തകങ്ങൾ കൃത്യ സമയത്തിനുള്ളിൽ അച്ചടിച്ച് നല്കുന്നതായി കാണുന്നില്ല. ആയതിനാൽ അച്ചടിക്കായി ഏൽപ്പിക്കുന്ന പുസ്തകങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ തീർത്ത് തിരികെ ഏല്പിക്കേണ്ടതാണെന്നും വീഴ്ച വരുത്തിയാൽ പ്രസ്സിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. സർവ്വകലാശാല പ്രസ്സിലെ വീഴ്ചമൂലം പുസ്തകങ്ങൾ കെട്ടിക്കിടക്കാനിടയായ സാഹചര്യത്തിൽ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം പ്രസ്സ് സൂപ്രണ്ടിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ അച്ചടിച്ച വസ്തുക്കൾ പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ നഷ്ടം സംഭവിച്ചിട്ടില്ലെന്നാണ് അറിയിച്ചിരിക്കുന്നത്. ഒരു പ്രത്യേക ആവശ്യത്തിനായി അച്ചടിക്കുകയും ഉപയോഗശൂന്യമായി തീരുകയും ചെയ്ത പ്രസ്തുത ഷീറ്റുകളും രജിസ്റ്ററുകളും ഏതു രീതിയിൽ ഉപയോഗിക്കുമെന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

2.13.2 സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കുറവായി കണ്ടെത്തിയ പേപ്പറിന്റെ വിലയായ 10,573 രൂപ പ്രസ്സിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കാമെന്ന് തെളിവെടുപ്പ് വേളയിൽ രജിസ്ട്രാർ ഉറപ്പ് നൽകിയിരുന്നെങ്കിലും സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കിയതായി അറിയിച്ചിട്ടില്ലാത്തതിനാൽ പ്രസ്സ് സൂപ്രണ്ടിൽ നിന്നും തുക ഈടാക്കാതിരുന്നത് സംബന്ധിച്ച് രജിസ്ട്രാർ വിശദീകരണം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശപ്രകാരം തുക ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.13.3 പ്രീഡിഗ്രി പരീക്ഷയ്ക്കുവേണ്ടി അച്ചടിച്ച രജിസ്റ്ററുകളും ടാബുലേഷൻ ഷീറ്റുകളും ഉപയോഗശൂന്യമായതിനാൽ ആയത് സർവ്വകലാശാലാ ഉത്തരവ് നമ്പർ ADB11/1.MISC/2004 തീയതി 4-10-2005 അനുസരിച്ച് ലേലത്തിൽ വില്ക്കുകയും ആ തുക യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ട്.

2.13.4 സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കുറവായി കണ്ടെത്തിയ പേപ്പറിന്റെ വില അന്നത്തെ പ്രസ്സ് സൂപ്രണ്ടായിരുന്ന ശ്രീ. എം. കെ. തമ്പാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ട്. അദ്ദേഹം പെൻഷൻ പേപ്പറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുക ഈടാക്കുന്നതാണ്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി**

2.13.5 മറുപടിയിൽ പറയുന്ന ഉത്തരവ് പരിശോധനയ്ക്ക് നൽകിയിട്ടില്ല. അനന്തര നടപടികളെ സംബന്ധിച്ച നിർദ്ദേശം ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നൽകാവുന്നതാണ്.

**സമിതി ആരാഞ്ഞ അധികവിവരം**

2.13.6 സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കുറവായി കണ്ടെത്തിയ പേപ്പറിന്റെ വിലയായ 10,573 രൂപ അന്നത്തെ പ്രസ്സ് സൂപ്രണ്ടായിരുന്ന ശ്രീ. എം. കെ. തമ്പാനിൽ നിന്ന് ഈടാക്കി ആയതിന്റെ വിശദവിവരം ലഭ്യമാക്കുക.

**ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ അധികവിവരം**

2.13.7 ടിയാന്റെ സ്ഥാവര ജംഗമവസ്തുക്കളിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ഈ തുക ഈടാക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.13.8 റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ സിൻഡിക്കേറ്റ് തീരുമാനം കൈക്കൊണ്ടുവെങ്കിലും തീരുമാനം നടപ്പാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് നൽകിയിട്ടില്ല.

**തുടർശിപാർശ**

2.13.9 **ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

2.13.10 **ടിയാൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച കേസിൽ പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കാൻ അടിയന്തര നടപടി സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 256**

ശിപാർശ

2.14.1 സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾക്ക് സമയബന്ധിതമായി മറുപടി നല്കി ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിനായുള്ള ഒരു സംവിധാനത്തിന്റെ അപര്യാപ്തത സമിതിക്ക് ബോദ്ധ്യമാവുകയുണ്ടായി. ആയതിനാൽ ഇതിലേക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സർവ്വകലാശാല രജിസ്ട്രാർ എന്നിവരടങ്ങുന്ന ഉന്നതതല സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.14.2 നൽകപ്പെട്ടിട്ടുള്ള ശിപാർശകളും നിർദ്ദേശങ്ങളും എത്തിച്ചേർന്ന നിഗമനങ്ങളും സർവ്വകലാശാല ഗൗരവമായി പരിഗണിക്കുന്നതും ഭാവിയിൽ ഇവ മാർഗ്ഗനിർദ്ദേശ രേഖയായി കണക്കാക്കി പ്രവർത്തിക്കുന്നതുമാണ്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.14.3 പ്രത്യേക പരാമർശമില്ല.

### ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ അധികവിവരം

2.14.4 4-8-2007-ലെ ജി. ഒ. (ആർ. റ്റി.) 2121/2007/എൽ. എസ്. ജി. ഡി. നമ്പർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് തടസ്സങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേക്കായി ഒരു ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമായി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾക്കുതന്നെ സർവ്വകലാശാലയെ സംബന്ധിച്ച ആഡിറ്റ് തടസ്സങ്ങളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. കമ്മിറ്റിയുടെ അംഗങ്ങളെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും കൂടി തീരുമാനിച്ച് നടപടി കൈക്കൊള്ളാൻ നടപടി സ്വീകരിക്കുന്നതാണ്. അതിനാൽ മറ്റൊരു കമ്മിറ്റിയുടെ ആവശ്യമില്ല എന്ന് കരുതുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.14.5 നടപടി തൃപ്തികരമല്ല. 4-8-2007-ലെ ജി. ഒ. (ആർ ടി.)2121/2007 എൽ. എസ്. ജി. ഡി. നമ്പർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് തടസ്സങ്ങൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായാണ് സമിതിയുടെ ശിപാർശയനുസരിച്ച് ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും രൂപീകരിച്ചിരിക്കുന്നത്. 'ടി' കമ്മിറ്റിക്ക് സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടിയുടെ ചുമതല കൂടി നൽകുന്നത് അഭികാമ്യമായിരിക്കില്ല. കൂടാതെ 'ടി' കമ്മിറ്റികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സർവ്വകലാശാല രജിസ്ട്രാർ തുടങ്ങിയവർ അംഗങ്ങളായിട്ടുമില്ല. ആയതിനാൽ സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശപ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സർവ്വകലാശാല രജിസ്ട്രാർ എന്നിവരടങ്ങുന്ന ഉന്നതതല കമ്മിറ്റി രൂപീകരിക്കുന്നതായിരിക്കും ഉചിതം. യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിനുള്ള ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സാംഗത്യം മനസ്സിലാകുന്നില്ല.

**തുടർശിപാർശ**

2.14.6 **യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സർവ്വകലാശാല രജിസ്ട്രാർ എന്നിവരടങ്ങുന്ന മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം III

സർക്കാരിൽ നിന്നു ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

**ഖണ്ഡിക നമ്പർ 16, 17**

3.1.1 കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകുന്നതോടൊപ്പം പരാമർശ വിഷയമായ കെട്ടിടത്തിന് മുമ്പ് അറ്റകുറ്റപ്പണി നടത്തിയത് സംബന്ധിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

3.1.2 സർവ്വകലാശാലയുടെ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിൽ അനുവർത്തിച്ച വരുന്ന നടപടിക്രമം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.1.3 സാമ്പത്തിക ബുദ്ധിമുട്ട് കാരണം സർവ്വകലാശാലയിലെ കെട്ടിടങ്ങൾക്ക് വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്ന സംവിധാനം നിലവിലില്ല. കെട്ടിടങ്ങൾ കൈവശം വച്ചിട്ടുള്ള വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും സാമ്പത്തിക സ്ഥിതി അനുസരിച്ച് അവ അംഗീകരിക്കപ്പെടുകയുമാണ് നിലവിലുള്ള രീതി. പ്രസ്തുത രീതി തുടർന്ന് വരുന്നതിനാൽ ഒരോ കെട്ടിടവും പത്ത് മുതൽ പതിനഞ്ച് വരെ വർഷങ്ങൾക്കുശേഷം മാത്രമേ അറ്റകുറ്റപ്പണികൾക്കായി തെരഞ്ഞെടുക്കാറുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾക്ക് വിധേയമായ കെട്ടിടങ്ങളിൽ 1986-നുശേഷം അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. സർവ്വകലാശാല എൻജിനീയറിംഗ് വിഭാഗത്തിൽ എഴുതി സൂക്ഷിക്കപ്പെടുന്ന വർക്ക് ബിൽ രജിസ്റ്ററുകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്. പ്രസ്തുത രജിസ്റ്ററുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.1.4 പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ (വർക്ക് ബിൽ രജിസ്റ്റർ) കെട്ടിട അറ്റകുറ്റപ്പണികൾക്ക് വേണ്ടി ശരാശരി എട്ട് വർഷങ്ങൾക്കുശേഷമാണ് സർവ്വകലാശാല തുക ചെലവഴിച്ചിരിക്കുന്നത്. ഈ വസ്തുത കണക്കിലെടുത്ത് പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 19-4-3 ൽ വിവക്ഷിക്കുന്ന പ്രകാരം 3 വർഷത്തിലൊരിക്കൽ ഒരു കോട്ട് വൈറ്റ് വാഷ് അടിക്കുവാൻ അനുവദിക്കുന്നുണ്ട്. അതിനാൽ സർവ്വകലാശാലയുടെ മറുപടി അംഗീകരിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

### ഖണ്ഡിക നമ്പർ 22, 23

ശിപാർശ

3.2.1 ട്രഷറി പബ്ലിക് അക്കൗണ്ടിൽ (TPA) വർഷങ്ങളായി വിനിമയം നടത്താത്തതുമൂലം പ്രതിവർഷം നല്ലൊരു തുക പലിശയിനത്തിൽ നഷ്ടപ്പെടുന്നുവെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും ഇക്കാര്യത്തിൽ യാതൊരുവിധ തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. സർവ്വകലാശാലാധികൃതരുടെ സാമ്പത്തിക കെടുകാര്യസ്ഥതയാണിതിന് കാരണമെന്നും ആയതിനാൽ സർവ്വകലാശാലയിൽ സാമ്പത്തിക അച്ചടക്കം കർശനമായി നടപ്പാക്കേണ്ടതാണെന്നും പലിശയിനത്തിൽ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.2.2 ഓഡിറ്റിൽ പരാമർശിക്കപ്പെട്ട രീതിയിൽ സജീവമല്ലാത്ത അക്കൗണ്ടുകൾ ഉണ്ടെങ്കിൽ അടിയന്തരമായി അവസാനിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.2.3 2000-ാം ആണ്ട് നവംബർ മാസത്തിൽ സർവ്വകലാശാലയ്ക്ക് ലഭ്യമായ 1997-98-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ടായിരുന്നതിനെത്തുടർന്ന് ജില്ലാ ട്രഷറിയിലെ, യൂണിവേഴ്സിറ്റിയുടെ TPA 45, TPA-2 എന്നീ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. എന്നാൽ ഈ അക്കൗണ്ടുകളിൽ ബാക്കിയുണ്ടായിരുന്ന തുകകൾ (രൂപ 5,13,821, രൂപ 67,079) സർവ്വകലാശാല ഫണ്ടിലേക്ക് നിക്ഷേപിക്കുന്നതിന് സർക്കാർ അനുമതി ലഭിക്കാൻ കാലതാമസം ഉണ്ടായി. സർക്കാർ അനുമതി ലഭിച്ചതിനെ തുടർന്ന് 30-1-2002-ൽ ട്രഷറിയിൽ ഉണ്ടായിരുന്ന മൊത്തം തുകയായ 5,80,903 രൂപ സർവ്വകലാശാലയുടെ പി.ഡി.അക്കൗണ്ടിൽ (നമ്പർ 344-1) നിക്ഷേപിച്ചു. എന്നാൽ റിപ്പോർട്ടിൽ ഇത് 30-1-2005 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഫണ്ട് നഷ്ടമുണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്. സജീവമല്ലാത്ത അക്കൗണ്ടുകളൊന്നും ഇപ്പോൾ നിലവിലില്ല.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.2.4 സജീവമല്ലാത്ത അക്കൗണ്ടുകൾ നിർത്തലാക്കുകയും പ്രസ്തുത തുക പി.ഡി.അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് നടപടി വിവരണ പത്രികയിൽ അറിയിക്കുകയുമുണ്ടായി. എന്നാൽ സമയബന്ധിതമായി അക്കൗണ്ട് നിർത്തലാക്കി തുക പി.ഡി.അക്കൗണ്ടിൽ വകകൊള്ളിക്കാത്തതുമൂലം പലിശ ഇനത്തിലുണ്ടായ നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച സമിതിയുടെ നിർദ്ദേശം നടപ്പിലാക്കിയതായി സർവ്വകലാശാല അറിയിച്ചിട്ടില്ല.

## ഖണ്ഡിക നമ്പർ 37, 38

### ശിപാർശ

3.3.1 ജേർണലിസം ഡിപ്പാർട്ട്മെന്റിലെ റീഡറായിരുന്ന ശ്രീ. തങ്കദുരൈ പെൻഷനായി 10 വർഷത്തിലേറെയായതിനാൽ ടിയാന് അധികമായി നൽകിയ ചാർജ് അലവൻസ് തിരിച്ചുപിടിക്കാനാവില്ല എന്ന മറുപടിയാണ് സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ട് ആനുകൂല്യങ്ങൾ അനുവദിക്കുകയും പിന്നീട് സമയപരിധി കഴിഞ്ഞതിനാൽ തിരിച്ചുപിടിക്കാൻ കഴിയില്ലെന്ന ന്യായീകരണം നൽകുകയും ചെയ്യു സർവ്വകലാശാലയുടെ മറുപടി അംഗീകരിക്കാനാവില്ല. സർവ്വകലാശാലയിലെ ഭരണതലത്തിലെ കെടുകാര്യസ്ഥതയും ഉത്തരവാദിത്വമില്ലായ്മയുമാണിതിൽ പ്രകടമാകുന്നതെന്നും ആയതിനാൽ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കുകയും ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിന് ആവശ്യമായ അടിയന്തര നടപടി സർവ്വകലാശാല സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.3.2 നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി അധികം തുക അനുവദിക്കുകയും ആയത് തിരിച്ചുപിടിക്കാതെ ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യു ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണ് ഉത്തരവാദിയെന്നും ആയതിനാൽ പ്രസ്തുത തുക ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.3.3 കെ.എസ്.ആർ. പാർട്ട് I റൂൾ 53 (C) പ്രകാരം അധിക ചുമതലാ അലവൻസ് സാധാരണ ഗതിയിൽ മൂന്നു മാസത്തിലധികം കാലത്തേക്ക് നൽകാൻ പാടില്ല എന്നാണ് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. (The drawal of additional pay should not normally be allowed for a period exceeding three months.) ഇതിലെ സാധാരണഗതിയിൽ എന്ന വ്യവസ്ഥപ്പെടുത്തലിൽ നിന്ന് അത്യാവശ്യ സാഹചര്യങ്ങളിൽ മൂന്നു മാസത്തിലധികവും

അധിക ചുമതലാ അലവൻസ് നൽകാം എന്ന് വ്യാഖ്യാനിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ച കെ.എസ്.ആർ. റൂളിന് 1998-ൽ വ്യക്തത വരുത്തുമ്പോഴാണ് അധിക ചുമതലാ അലവൻസ് മൂന്നുമാസത്തിലധികം നൽകാൻ പാടില്ല എന്ന് വ്യാഖ്യാനിക്കപ്പെട്ടത്. എന്നാൽ ടിയാൻ 1997 മാർച്ച് വരെയാണ് അധികചുമതല വഹിച്ചിരുന്നത്. അതുകൊണ്ട് 1998-ൽ റൂളിലുണ്ടായ വ്യാഖ്യാനം അതിന് മുമ്പുള്ള കാലത്തെ ഭരണ നടപടികളിൽ ബാധകമാക്കുന്നതിന് ബുദ്ധിമുട്ടുമുണ്ട്.

3.3.4 അധിക ചുമതലാ അലവൻസ് തിരിച്ചടക്കുന്നതിനായി ശ്രീ. തങ്കദുരൈയ്ക്ക് കത്ത് നൽകിയശേഷം അദ്ദേഹം കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി, ലൈബ്രറി ഇനത്തിലുള്ള 1997 രൂപയുടെ ബാദ്ധ്യത കഴിച്ചുള്ള മുഴുവൻ DCRG തുകയും ശ്രീ. തങ്കദുരൈയ്ക്ക് നൽകുവാൻ വിധിയുണ്ടാവുകയും ചെയ്തിട്ടുണ്ട് എന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

3.3.5 ആയതിനാൽ ഓഡിറ്റ് പരാമർശം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.3.6 ശ്രീ. തങ്കദുരൈക്ക് അധികമായി നൽകിയ ചാർജ് അലവൻസ് തുകയായ 65,484 രൂപ തിരിച്ചു പിടിക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി നിർദ്ദേശിച്ചിരുന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 14-11-2007-ലെ [WP(C)No. 11113/06] ഉത്തരവ് പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

### ഖണ്ഡിക നമ്പർ 90

#### ശിപാർശ

3.4.1 ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് നൽകിയ മുൻകൂർ തുകയിൽ 1990-91 മുതൽ 1995-96 വരെയും1998-99-ലും അനുവദിച്ച 38,69,732 രൂപ അടിയന്തരമായി ക്രമീകരിക്കുകയും റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.4.2 ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് നൽകിയ മുൻകൂർ തുകയിൽ 1990-91 മുതൽ 1995-96 വരെയും 1998-99-ലും അനുവദിച്ച (38,69,000 രൂപ) മുൻകൂർ തുകകൾ എല്ലാം ക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ ക്രമീകരണ ഉത്തരവുകളുടെ പകർപ്പുകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.4.3 ക്രമീകരണ ഉത്തരവുകൾ പരിശോധിച്ചു. അതു പ്രകാരം 1990-91 മുതൽ 1998-99 വരെയുള്ള (38,69,000 രൂപ) മുൻകൂറുകളെല്ലാം ക്രമീകരിച്ചിട്ടുണ്ട്.

### ഖണ്ഡിക നമ്പർ 105

ശിപാർശ

3.5.1 മുൻകൂറായി അനുവദിച്ച തുകയിൽ ഇനിയും ക്രമീകരിക്കാനുള്ളവ അടിയന്തരമായി ക്രമീകരിച്ച് ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനക്ക് നൽകുവാനും സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.5.2 1993 മുതൽ 2007 വരെ സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർക്ക് അനുവദിച്ച മുൻകൂറുകളും അവയുടെ ഇന്നത്തെ നിലയും സംബന്ധിച്ച വിശദവിവരം ലോക്കൽ ഫണ്ട് ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.5.3 1993 മുതൽ 2007 വരെ സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർക്ക് അനുവദിച്ച മുൻകൂറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1993 മുതൽ 2007 മേയ് മാസം വരെ | : | 1,78,57,784 |
| ക്രമീകരിച്ച തുക | : | 1,09,00,375 |
| ക്രമീകരിക്കാൻ ബാക്കി | : | 69,57,409 |

ക്രമീകരിച്ച തുകയിൽ 1998-99 വരെയുള്ള കാലയളവിലെ മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ട്. ആയതിനാൽ റിപ്പോർട്ടിലുള്ള തടസ്സം ഒഴിവാക്കാവുന്നതാണ്.

### ഖണ്ഡിക നമ്പർ 111

ശിപാർശ

3.6.1 സർവ്വകലാശാലയ്ക്ക് സർക്കാർ നൽകുമായിരുന്ന ഇളവ് യഥാവിധി വിനിയോഗിക്കാതിരുന്നതിനാലാണ് കോമ്പൗണ്ടിംഗ് ഫീസ് ആയി 26,708 രൂപ

നഗരസഭയിലേക്ക് അടയ്ക്കേണ്ടി വന്നത്. നഗരസഭയുടെ അനുമതി വാങ്ങുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണിതിന് കാരണമെന്നതിനാൽ ഈയിനത്തിൽ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം (26,708 രൂപ) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും പലിശസഹിതം ഈടാക്കി രേഖകൾ സഹിതം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.6.2 കേരള സർവ്വകലാശാല നിർമ്മിച്ചിട്ടുള്ള ഒരു കെട്ടിടത്തിനും നഗരസഭയിൽ നിന്നും അനുമതി വാങ്ങുന്ന രീതി അവലംബിച്ചിരുന്നില്ല. സർവ്വകലാശാലാ കെട്ടിടങ്ങൾക്ക് നഗരസഭയുടെ അനുമതി ആവശ്യമില്ലെന്ന ധാരണയിലാണ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ സ്റ്റുഡന്റ് സെന്റർ കോമ്പൗണ്ടിൽ ഇന്റർനാഷണൽ യൂത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുവാനുള്ള അനുവാദത്തിനായി കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് സർവ്വകലാശാല നഗരസഭയിൽ പ്ലാൻ സമർപ്പിക്കുകയും അതിന്മേൽ ഫീസ് ചുമത്തപ്പെടുകയുമുണ്ടായി. പ്രസ്തുത കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് മേഖലാ നിയന്ത്രണ ചട്ടങ്ങൾ ബാധകമായിരുന്നതിനാൽ ഇളവിനായി സർക്കാരിനെ സമീപിക്കേണ്ടി വരികയും ആയതിന് കാലതാമസം ഉണ്ടാകുകയും ചെയ്തു.

3.6.3 ആഡിറ്റ് പരാമർശത്തിനുശേഷം സർവ്വകലാശാല നഗരപ്രദേശത്ത് നടത്തുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് മുൻകൂട്ടി അനുവാദം വാങ്ങുന്നുണ്ട്. ആയത് കണക്കിലെടുത്ത് പരാമർശം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.6.4 ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചമൂലമാണ് 26,708 രൂപയുടെ നഷ്ടം സർവ്വകലാശാലയ്ക്കുണ്ടായത്. എന്നാൽ പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സർവ്വകലാശാല ഈടാക്കിയിട്ടില്ലെന്നുള്ള വിവരം ബഹു. ലോക്കൽ ഫണ്ട് കമ്മിറ്റിയെ അറിയിക്കുന്നു.

## ഖണ്ഡിക നമ്പർ 119, 120, 121, 122, 123, 124,125

### ശിപാർശ

3.7.1 സർവ്വകലാശാലയ്ക്ക് ഫീസിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ നടപടി സർവ്വകലാശാലയിലെ കെടുകാര്യസ്ഥതയും ഉത്തരവാദിത്വമില്ലായ്മയുമാണ് വെളിവാക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.7.2 സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടുന്ന സർവ്വകലാശാല കുടിശ്ശിക പിരിച്ചെടുക്കുവാനോ ഫീസിനത്തിൽ ലഭിച്ചതും ലഭിക്കാനുള്ളതുമായ തുക സംബന്ധിച്ച

രേഖകൾ കൃത്യമായി സൂക്ഷിക്കുവാനോ തയ്യാറാകാതെ ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചാലും കർമ്മനിരതമല്ലാത്ത ഭരണ സംവിധാനം കൊണ്ട് സർവ്വകലാശാലയ്ക്ക് സാമ്പത്തിക നില മെച്ചപ്പെടുമെന്ന് കരുതാനാവില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

3.7.3 സർവ്വകലാശാലയിലെ ധനകാര്യ വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായും ഇതുമായി ബന്ധപ്പെട്ട രേഖകകൾ സൂക്ഷ്മ പരിശോധന നടത്തി മേൽനോട്ടം വഹിക്കുകയും തെറ്റുകൾ ചൂണ്ടിക്കാട്ടി നിർദ്ദേശം നൽകുകയും ചെയ്യേണ്ട ഉന്നത ഉദ്യോഗസ്ഥരും തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയതായും സമിതി കണ്ടെത്തി.

3.7.4 സമിതി നിർദ്ദേശ പ്രകാരം ഓഡിറ്റിന് ലഭ്യമാക്കിയ 2000-2001 മുതൽ 2004-2005 വരെയുള്ള ഡി.സി.ബി. പത്രികകൾ അപൂർണ്ണമാണെന്നും സർവ്വകലാശാല ആവശ്യപ്പെട്ടിട്ടും കണക്കുകൾ ഹാജരാക്കാത്ത കോളേജുകൾ ഉണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഡി.സി.ബി. പത്രികകൾ സംബന്ധിച്ച് ചൂണ്ടിക്കാട്ടിയിട്ടുള്ള ന്യൂനതകൾ അടിയന്തരമായി പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും, കണക്കുകൾ ഹാജരാക്കാത്ത കോളേജുകളിൽ നിന്നും തുക ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

3.7.5 ഓരോ അദ്ധ്യയനവർഷത്തെയും ഫീസുകൾ അതത് വർഷം നിശ്ചിത തീയതിക്ക് മുൻപ് സർവ്വകലാശാലയിൽ അടച്ചിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് എല്ലാ കോളേജധികൃതർക്കും അറിയിപ്പ് നൽകണമെന്നും നിശ്ചിത സമയത്തിനുള്ളിൽ തുക സർവ്വകലാശാലയിൽ അടയ്ക്കാത്ത കോളേജധികൃതർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും തുക പലിശസഹിതം ഈടാക്കി സർവ്വകലാശാല ഫണ്ടിലേക്ക് വരവുവയ്ക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തുടർച്ചയായി രണ്ടു വർഷം ഫീസ് കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽ പരീക്ഷാ കേന്ദ്രം താൽക്കാലികമായി റദ്ദുചെയ്യുന്നതിനും കുടിശ്ശിക അടച്ചതിനുശേഷം പുനഃസ്ഥാപിക്കുകയും ചെയ്യുന്ന രീതി പരിഗണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3.7.6 ഫീസിനത്തിൽ ഓരോ അദ്ധ്യയനവർഷവും ലഭിക്കേണ്ട ഫീസ് സംബന്ധിച്ച രേഖകൾ സർവ്വകലാശാലയിലെ ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കി സൂക്ഷിക്കണമെന്നും സർവ്വകലാശാലാഫണ്ടിലേക്ക് ഒടുക്കേണ്ട തുകയിൽ കുറവു വരുന്ന തുക പലിശ സഹിതം ബന്ധപ്പെട്ട കോളേജധികൃതരിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.7.7 സർവ്വകലാശാലയ്ക്ക് വിവിധ കോളേജുകളിൽ നിന്നും ലഭിക്കേണ്ട ഫീസ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി നിലവിൽ സർവ്വകലാശാലയിൽ സംവിധാനമുണ്ടെങ്കിലും പ്രവർത്തനം

കാര്യക്ഷമമല്ലെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ആയതിനാൽ പ്രസ്തുത സംവിധാനം ശക്തമാക്കണമെന്നും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക കൃത്യമായി പിരിച്ചെടുക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ ഇതിൽ വീഴ്ച വരുത്തുന്നപക്ഷം ആയത് അവരുടെ ബാദ്ധ്യതയായി നിശ്ചയിച്ച് പിഴപ്പലിശസഹിതം നഷ്ടമായ തുക ഈടാക്കണമെന്നും സമയബന്ധിതമായി കണക്കുകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.7.8 സർവ്വകലാശാലയ്ക്ക് സ്പെഷ്യൽ ഫീസിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ കോളേജുകളിൽ നിന്നും കുടിശ്ശികയിനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിയ്ക്കാനുള്ള തുക കത്ത് മുഖാന്തിരം അതതു പ്രിൻസിപ്പൽമാരെ അറിയിച്ചിട്ടുണ്ട്. സർവ്വകലാശാല കാലാകാലങ്ങളിൽ വിളിച്ചുചേർക്കുന്ന പ്രിൻസിപ്പൽമാരുടെ മേഖലാ യോഗങ്ങളിൽ കുടിശ്ശിക സംബന്ധമായ കണക്കുകൾ അവരുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കുടിശ്ശികയുള്ള കോളേജുകൾക്ക് ഇതുസംബന്ധിച്ച ഓർമ്മക്കുറിപ്പുകൾ കത്തായോ ടെലിഫോൺ മുഖാന്തിരമോ നൽകുകയും കുടിശ്ശിക അടച്ചുതീർക്കുന്നതുവരെ ഇതു തുടരുകയും ചെയ്യുന്നു.

3.7.9 ഫീസാനുകൂല്യമുള്ള കുട്ടികളുടെ സ്പെഷ്യൽ ഫീസ് സർവ്വകലാശാലയ്ക്ക് ലഭ്യമാക്കുന്നതിലുള്ള കാലതാമസം സർവ്വകലാശാല കത്ത് മുഖാന്തിരം പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഇത് സംബന്ധിച്ച ഡയറക്ടറുടെ നിർദ്ദേശങ്ങൾ കോളേജുകളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പല ഗവൺമെന്റ് കോളേജുകളും സ്പെഷ്യൽ ഫീസ് സംബന്ധമായ രേഖകൾ സർവ്വകലാശാലയ്ക്ക് നൽകാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ സർവ്വകലാശാല ഈ വിവരം DCE യുടെ ശ്രദ്ധയിൽപ്പെടുത്തുകയും, DCE ഇതു സംബന്ധിച്ച് കോളേജുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്ന ട്രഷറി നിയന്ത്രണംമൂലം കോളേജുകൾ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന സ്പെഷ്യൽ ഫീസ് പിൻവലിക്കാൻ സാധിക്കാത്ത സ്ഥിതി സംജാതമായിരുന്നു. സർവ്വകലാശാല കത്ത് മുഖാന്തരം ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി സ്പെഷ്യൽ ഫീസിൻ മേലുള്ള ട്രഷറി നിയന്ത്രണം ഗവൺമെന്റ് പിൻവലിച്ചു. പി.ഡി.അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന സ്പെഷ്യൽ ഫീസ് അടയ്ക്കാൻ ഇതുവഴി കോളേജുകൾക്ക് സാധിച്ചു. കോളേജുകളിലെ സ്പെഷ്യൽ ഫീസ് സംബന്ധമായ കണക്കുകൾ സർവ്വകലാശാല നിയോഗിക്കുന്ന ഓഡിറ്റ് ടീം കാലാകാലങ്ങളിൽ പരിശോധന നടത്തി കണക്കുകൾ ശേഖരിക്കുകയും പിഴവുകൾ കോളേജധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കുട്ടികളിൽ നിന്നും സ്പെഷ്യൽ ഫീസ് സ്വീകരിക്കാൻ പ്രത്യേകം

FEE RECEIPT സർവ്വകലാശാല കോളേജുകൾക്ക നൽകുന്നുണ്ട്. അതിനാൽ സ്പെഷ്യൽ ഫീസുകൾ മറ്റ് ഫീസുകൾക്കൊപ്പം പി.ഡി.അക്കൗണ്ടിൽ നിക്ഷേപിക്കാതെ കെ.യു.എഫിൽ അടയ്ക്കുവാൻ കോളേജുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നില്ല. മുൻ കാലങ്ങളിൽ വിവിധയിനം സ്പെഷ്യൽ ഫീസുകൾ സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിൽ സ്വീകരിക്കുകയും അക്കൗണ്ട് ചെയ്യപ്പെടുകയും ചെയ്തിരുന്നതുമൂലം കൃത്യമായ കണക്കുകൾ ലഭ്യമായിരുന്നില്ല. എന്നാൽ ഇപ്പോൾ കേന്ദ്രീകൃത അക്കൗണ്ടിംഗ് ഏർപ്പെടുത്തിയിരിക്കുന്നതിനാൽ എല്ലാ സ്പെഷ്യൽ ഫീസിനങ്ങളും സർവ്വകലാശാലയുടെ ഒരു വിഭാഗത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ആയതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമാണ്.

3.7.10 സമിതി നിർദ്ദേശ പ്രകാരം സമർപ്പിക്കപ്പെട്ട സ്പെഷ്യൽ ഫീസ് സംബന്ധമായ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് തിരിച്ച് നൽകിയെങ്കിലും യാതൊരുവിധ അപാകതകളും ചൂണ്ടിക്കാണിക്കുകയോ, നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുകയുണ്ടായില്ല.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.7.11 2001 മുതലുള്ള ഡി.സി.ബി. പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയതിൽ സ്പെഷ്യൽ ഫീസ് ഇനത്തിലുള്ള വരവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

3.7.12 സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ടുന്ന തുകയുടെ വിശദാംശം 2001 മുതൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് സർവ്വകലാശാലയ്ക്ക് പ്രാദേശിക പരിശോധന വേളയിൽ കാണുവാൻ കഴിഞ്ഞു. സർവ്വകലാശാല കേന്ദ്രീകൃത അക്കൗണ്ടിംഗ് നടപ്പിലാക്കിയിട്ടുള്ളതിനാൽ എല്ലാ സ്പെഷ്യൽ ഫീസിനത്തിലുമുള്ള വരവുകളുടെ കണക്കുകൾ ലഭ്യമാണ്.

3.7.13 മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ മറുപടി അംഗീകരിക്കാവുന്നതാണ്.

## ഖണ്ഡിക നമ്പർ 135, 136

### ശിപാർശ

3.8.1 പരീക്ഷാ ഫീസ് പിരിവിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവ് ഒരു നഷ്ടമായി കണക്കാക്കുവാൻ സാധിക്കുകയില്ല എന്നും രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്തവരുടേയും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് ഗവൺമെന്റിൽ നിന്നും റീ-ഇമ്പേഴ്സ് ചെയ്തു ലഭിക്കുന്നതിൽ കാലതാമസമുള്ളതിനാൽ ആയിനത്തിൽ ഉണ്ടാകുന്ന കുടിശ്ശികയുമാണ് ഫീസിനത്തിൽ കുറവു വരുവാൻ കാരണമെന്നുമുള്ള സർവ്വകലാശാല അധികൃതരുടെ വാദത്തോട് സമിതി യോജിക്കുന്നില്ല

പരീക്ഷയ്ക്ക് ഇരിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് റീ ഇമ്പേഴ്സ് ചെയ്ത് ലഭിക്കേണ്ടതാകയാൽ ഇതു സംബന്ധിച്ച കണക്കുകൾ യൂണിവേഴ്സിറ്റിയിൽ ഉണ്ടാകേണ്ടതാണെന്നും ആയതിനാൽ ഇപ്രകാരമൊരു വാദഗതി വെയ്ക്കുമ്പോൾ മേൽപ്പറഞ്ഞ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകിയ ഇളവുകൾ സംബന്ധിച്ച കണക്ക് സമിതിക്ക് സമർപ്പിക്കുകയാണ് വേണ്ടിയിരുന്നതെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. കൂടാതെ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾ ഏതെല്ലാം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു, എത്രപേർ ഏതെല്ലാം പരീക്ഷയെഴുതി, എത്രപേർ മാർക്ക് ലിസ്റ്റുകളും സർട്ടിഫിക്കറ്റുകളും വാങ്ങി എന്നതു സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ എത്ര രൂപ പരീക്ഷാ ഫീസിനത്തിൽ സർവ്വകലാശാലയ്ക്ക് പിരിഞ്ഞുകിട്ടേണ്ടതുണ്ട് അതിൽ എത്ര പിരിഞ്ഞു കിട്ടി, ഇനി എത്ര പിരിഞ്ഞുകിട്ടാനുണ്ട് എന്നീ കണക്കുകൾ തയ്യാറാക്കുന്നതിന് വലിയ ബുദ്ധിമുട്ട് ഉണ്ടാകാനിടയില്ല എന്ന് സമിതി വിലയിരുത്തുന്നു. അപേക്ഷാ ഫാറങ്ങൾ നശിപ്പിച്ചു കളഞ്ഞാലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നപക്ഷം അതിൽ നിന്നും ഡി.സി.ബി. സ്റ്റേറ്റുമെന്റുകൾ തയ്യാറാക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമുണ്ടാകുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അപേക്ഷകൾ മുഴുവനും നശിപ്പിക്കപ്പെട്ടതിനാൽ കൃത്യമായ കണക്കുകൾ ഹാജരാക്കുന്നതിനോ മറുപടി നൽകുന്നതിനോ പറ്റാത്ത സാഹചര്യമാണെന്ന സർവ്വകലാശാല രജിസ്ട്രാറുടെ മറുപടി സമിതിയ്ക്ക് സ്വീകാര്യമല്ല. അക്കൗണ്ട്സ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിലും, സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട പണം കൃത്യമായി ഈടാക്കുന്നതിലും പരീക്ഷ വിഭാഗത്തിലെയും ധനകാര്യവിഭാഗത്തിലെയും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി സമിതി മനസ്സിലാക്കുന്നു. വരവും ചെലവും സംബന്ധിച്ച കൃത്യമായ കണക്കും രേഖകളും സൂക്ഷിക്കുകയെന്നത് ധനസംബന്ധമായ ഏതൊരു ഇടപാടിന്റെയും പ്രാഥമിക ഉത്തരവാദിത്തമാണെന്നിരിക്കെ ധനവിനിമയം സംബന്ധിച്ച അടിസ്ഥാന മാനദണ്ഡങ്ങൾ പോലും പാലിക്കാതെ തികച്ചും നിരുത്തരവാദപരമായി യൂണിവേഴ്സിറ്റി ഫണ്ട് കൈകാര്യം ചെയ്തത് അതീവ ഗുരുതരമായ ക്രമക്കേട് തന്നെയാണ്. ആയതിനാൽ ധനകാര്യ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടും കേരള ഫിനാൻഷ്യൽ കോഡിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും കൃത്യതയോടെ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ യൂണിവേഴ്സിറ്റി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഭാവിയിൽ ഇത്തരം തെറ്റുകുറ്റങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് Double Entry Accounting System അടിയന്തരമായി നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3.8.2 കൂടാതെ ആവശ്യമായ രജിസ്റ്ററുകളും, സർവ്വകലാശാലയ്ക്ക് പിരിഞ്ഞു കിട്ടേണ്ട ഓരോ കണക്കിനങ്ങളും ഡി.സി.ബി. സ്റ്റേറ്റ്മെന്റും സൂക്ഷിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.8.3 നഷ്ടപ്പെട്ടതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ഫീസ് കുറവുകൾ മിക്കവാറും സർവ്വകലാശാലാ ഫണ്ടിലേയ്ക്കു മുതൽ കൂട്ടിയിട്ടുണ്ട്. സർവ്വകലാശാല നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അടങ്ങിയ സംഘം കോളേജധികൃതരോട് ഈയിനത്തിൽ സർവ്വകലാശാലയ്ക്ക് വരേണ്ടതായ തുകകൾ അടയ്ക്കുവാൻ യഥാസമയം നിഷ്കർഷിക്കാറുണ്ട്. ഫീസിലോ, ഫൈനിലോ സൂപ്പർഫൈനിലോ കുറച്ചടവ് നടത്തിയിട്ടുള്ള വിദ്യാർത്ഥികളുടെ മാർക്കലിസ്റ്റ് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് മറ്റു സർട്ടിഫിക്കറ്റുകൾ മുതലായവ ഫീസ് അടച്ചു തീർക്കുന്നതുവരെ തടഞ്ഞുവയ്ക്കുന്നതാണ് നടപടി. എന്നാൽ കുറവു വന്നിട്ടുള്ള തുക പിന്നീട് ഈടാക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ നൽകുകയും കൃത്യമായ രേഖകൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്താൻ വിട്ടുപോവുകയും ചെയ്യുതുകൊണ്ടാണ് ഫീസ് പിരിവിൽ കുറവ് വന്നിട്ടുള്ളതായി പരാമർശം ഉണ്ടായത്.

3.8.4 ഭാവിയിൽ കൃത്യമായി വിവരങ്ങൾ രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുന്നതിനും ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം യഥാസമയം നഷ്ടം നികത്താൻ വേണ്ട നടപടികൾ സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരുടെ പേരു വിവരം തയ്യാറാക്കുന്നതിന് ഭരണ നിർവ്വഹണവിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.8.5 പരീക്ഷയ്ക്ക് ഇരിക്കുന്ന എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് റീ ഇമ്പേഴ്സ് ചെയ്ത് ലഭിച്ചതിനുള്ള രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പരീക്ഷ ഫീസിനത്തിൽ കുറവ് വരുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് തടഞ്ഞുവെയ്ക്കുകയും ആയത് ഈടാക്കുമ്പോൾ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുകയുമുള്ളുയെന്ന വസ്തുതയും സർവ്വകലാശാല ജീവനക്കാർക്ക് ഡി.സി.ബി. തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയ ഉത്തരവും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

3.8.6 സർവ്വകലാശാലയ്ക്കു ലഭിക്കേണ്ടുന്ന പരീക്ഷ ഫീസിനത്തിലുള്ള വരവ് സംബന്ധിച്ച് ഓരോ വിഭാഗത്തിലുമുള്ള രേഖകൾ മാത്രമാണ് എഴുതി തയ്യാറാക്കി വരുന്നത്. (ഉദാ. ബി.എ., എം.എ., ബി.കോം.). എന്നാൽ ഇവ എല്ലാം ക്രോഡീകരിച്ച് കൊണ്ടുള്ള ഡി.സി.ബി. പത്രിക സർവകലാശാല തയ്യാറാക്കിയിട്ടില്ലെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

## ഖണ്ഡിക നമ്പർ 219

<u>ശിപാർശ</u>

3.9.1 പ്രിന്റിംഗ് യന്ത്രങ്ങളുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്താൻ അടിയന്തരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും പ്രസ്സിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ച രജിസ്റ്റർ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാനും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.9.2 സർക്കാർ അംഗീകരിച്ചിട്ടുള്ളതും പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ളതുമായ വർക്ക് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, ബ്രേക്ക് ഡൗൺ രജിസ്റ്റർ, ഗവൺമെന്റ് പ്രസ്സുകളുടെ അതേ മാതൃകയിൽ നടപ്പിലാക്കിയിട്ടുള്ള 'ഔട്ടേൺ ഷെഡ്യൂൾ' എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി പ്രസ്സിൽ ഇപ്പോൾ നിലവിലുള്ളതും ലാഭകരമല്ലാത്തതുമായ ലറ്റർ പ്രസ്സുകൾ നിർത്തൽ ചെയ്ത് പകരം ഹൈസ്പീഡ് ഓഫ് സെറ്റ് മെഷീനുകൾ സ്ഥാപിച്ച് സർവ്വകലാശാലാ വിദൂര പഠനകേന്ദ്രത്തിന്റേതുൾപ്പെടെയുള്ള എല്ലാ അച്ചടി ജോലികളും നിർവ്വഹിക്കത്തക്കവിധത്തിൽ പ്രസ്സ് ആധുനിക വൽക്കരിക്കുന്നതിന് ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ട് ഉൾപ്പെടെ അംഗമായ സിൻഡിക്കേറ്റിന്റെ സബ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.9.3 നിലവിലുള്ള സാഹചര്യത്തിൽ യൂണിവേഴ്സിറ്റി പ്രസ്സിന്റെ ആധുനീകരണം അത്യന്താപേക്ഷിതമാണ്.

3.9.4 1997-98 കാലയളവിൽ ബ്രേക്ക്ഡൗൺ രജിസ്റ്റർ പ്രകാരം 93 മണിക്കൂർ മാത്രമാണ് വൈദ്യുതി തകരാർ, വോൾട്ടേജ് വ്യതിയാനം, സാങ്കേതിക/ യന്ത്രതകരാറുകൾ എന്നിവമൂലം യന്ത്രങ്ങൾ പ്രവർത്തിക്കാതിരുന്നത്. കൂടാതെ സർവ്വകലാശാല പ്രസ്സിലെ പ്ലാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന മെഷ്യനുകളുണ്ട്.

1. എച്ച്.എം.റ്റി.സോം.136 ഓഫ് സെറ്റ് മെഷ്യൻ - 1
2. എച്ച്.എം.റ്റി.സോം. 125 ഓഫ് സെറ്റ് മെഷ്യൻ
3. എച്ച്.എം.റ്റി.സോം. ആന്റേന ലറ്റർ പ്രസ്സ് മെഷ്യൻ
4. എച്ച്.എം.റ്റി.സോം. സൂപ്പർ ഇഗേനിഗ് ലറ്റർ പ്രസ്സ്
5. ഇന്ത്യൻ പ്ലേറ്റ് ലറ്റർ പ്രസ്സ് മെഷ്യൻ.

3.9.5 പ്രസ്സ് ആധുനികവൽക്കരിക്കുന്നതിന് സിൻഡിക്കേറ്റ് സബ്കമ്മിറ്റി സിൻഡിക്കേറ്റിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ സിൻഡിക്കേറ്റ് എടുത്ത തീരുമാനങ്ങൾ സമിതിയെ അറിയിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

## ഖണ്ഡിക നമ്പർ 225

<u>ശിപാർശ</u>

3.10.1 പ്ലേറ്റ് ഗ്രൈന്റിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനായി കരാറടിസ്ഥാനത്തിൽ ഓപ്പറേറ്ററെ നിയമിച്ചുവോയെന്നും ടിയാനെ എത്ര കാലത്തേക്കാണ് നിയമിച്ചതെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.10.2 പ്ലേറ്റ് ഗ്രൈന്റിംഗ് മെഷിനിൽ ഗ്രൈന്റ് ചെയ്യു പ്ലേറ്റുകൾ പ്രോസ്സസ്സ് ചെയ്ത് പ്രിന്റിംഗിൽ ഉപയുക്തമാക്കുന്നതിനുള്ള കെമിക്കലുകൾ മാർക്കറ്റിൽ ലഭ്യമല്ലാത്തതുകൊണ്ടും, ഇതിനുവേണ്ടിവരുന്ന ചെലവിന്റെ നാലിലൊന്നുഭാഗം കൊണ്ട് മാർക്കറ്റിൽ റെഡിമെയ്ഡ് പ്രീ സെൻസിറ്റൈസ്ഡ് പ്ലേറ്റുകൾ ലഭിക്കുന്നതുകൊണ്ടും, സർവ്വകലാശാല അധിക ബാധ്യത ഏറ്റെടുക്കേണ്ടതായി വരുന്ന ഈ നിയമനതീരുമാനം നിർത്തിവച്ച് പ്രസ്തുത മെഷീനെ പ്രസ്സിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി ലേലത്തിൽ വിൽക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.10.3 പ്ലേറ്റ് ഗ്രൈന്റിംഗ് മെഷ്യൻ ലേലം ചെയ്യു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് മറുപടിയിൽ പറഞ്ഞിരിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച തുടർ നടപടികൾ ഒന്നും എടുത്തിട്ടില്ലെന്നാണ് 2006-07 വർഷത്തെ പ്രസ്സിന്റെ ഓഡിറ്റിൽ കണ്ടെത്തുവാൻ കഴിഞ്ഞത്.

## ഖണ്ഡിക നമ്പർ 235, 236, 237, 238, 239

<u>ശിപാർശ</u>

3.11.1 പുസ്തകങ്ങളുടെ വിപണന സാധ്യത മനസ്സിലാക്കി അതനുസരിച്ച് വിപണനതന്ത്രം രൂപപ്പെടുത്തിയതിനുശേഷമേ പുസ്തകങ്ങൾ അച്ചടിക്കാൻ ഉത്തരവു നൽകാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.11.2 പുസ്തകങ്ങൾ ഇപ്പോൾ സൂക്ഷിച്ചിരിക്കുന്ന രീതി തികച്ചും അശാസ്ത്രീയമാണെന്നു റിപ്പോർട്ട് ചെയ്യു സാഹചര്യത്തിൽ കൂടുതൽ സ്ഥലസൗകര്യമുള്ള സ്ഥലത്തേക്ക് ഇവ മാറ്റി ഈർപ്പം കടക്കാത്ത രീതിയിൽ ഓരോ വിഭാഗമായി തരം തിരിച്ച് അടുക്കി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും അമൂല്യങ്ങളായ പുസ്തകങ്ങൾ സിഡിയിലാക്കി സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.11.3 വിൽപ്പനയ്ക്ക് യോഗ്യമായ പുസ്തകങ്ങൾ അടിയന്തരമായി വിറ്റഴിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പുസ്തകമേളകളോടനുബന്ധിച്ച് ആയത് വിലകുറച്ച് വിൽക്കുന്നതിനുള്ള സാദ്ധ്യതയും ആരായണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3.11.4 പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധന ഓരോ സാമ്പത്തികവർഷാവസാനവും നടത്തി അതു സംബന്ധമായ സാക്ഷ്യപത്രം ഡയറക്ടർ സ്റ്റോക്ക് രജിസ്റ്ററിനുള്ളിൽ രേഖപ്പെടുത്തി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്നും ഇപ്രകാരം രേഖപ്പെടുത്താത്ത പക്ഷം ഡയറക്ടർക്കും ഇതിൽ ഉത്തരവാദിത്വം ചുമത്തി ഇതു സംബന്ധിച്ചുണ്ടാകുന്ന നഷ്ടത്തിനുത്തരവാദിയായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3.11.5 നിശ്ചിത കാലയളവിലേയ്ക്ക് ഒരു പാഠ്യപുസ്തകം ഉൾപ്പെടുത്താൻ തീരുമാനിക്കുകയും അതനുസരിച്ച് ആ കാലാവധിയിലേയ്ക്കുള്ള മുഴുവൻ പുസ്തകങ്ങളും അച്ചടിച്ചു സൂക്ഷിക്കുകയും ബോർഡ് ഓഫ് സ്റ്റഡീസ് പുന:സംഘടിപ്പിക്കുമ്പോൾ മുമ്പ് നിശ്ചയിച്ചിരുന്ന പുസ്തകങ്ങൾ കാലാവധി തീരുന്നതിനു മുമ്പ് തന്നെ മാറ്റി വേറെ പാഠ്യപുസ്തകം നിശ്ചയിക്കുക വഴി സർവ്വകലാശാലയ്ക്ക് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതായി സമിതി മനസിലാക്കുന്നു. ആയതിനാൽ പാഠപുസ്തകങ്ങൾ അച്ചടിക്കുമ്പോൾ അതതു വർഷത്തേക്കാവശ്യമുള്ളതുമാത്രം അച്ചടിക്കുവാനും അല്ലാത്തപക്ഷം വിറ്റഴിച്ചതിൽ ബാക്കി വന്ന പുസ്തകത്തിന്റെ എണ്ണം ബോർഡ് ഓഫ് സ്റ്റഡീസിനെ അറിയിച്ചതിനുശേഷമേ പുസ്തകം മാറ്റം സംബന്ധിച്ച് തീരുമാനിക്കാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.11.6 വിൽപനയ്ക്കുള്ള ഉപാധികളൊന്നുമില്ലാതെ, ഒരു കോപ്പിപോലും വിൽക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്നവയെയാണ് ഡെഡ് സ്റ്റോക്ക് എന്നു പറയേണ്ടിവരുന്നത്. ജനറൽ പുസ്തകങ്ങളുടെ കാര്യത്തിൽ ഇങ്ങനെയൊരവസ്ഥ ഇല്ല തന്നെ. പാഠപുസ്തകങ്ങളുടെ കാര്യത്തിലാകട്ടെ അവ ഓരോ നിർദ്ദിഷ്ട കോഴ്സുകൾക്കായി പുറത്തിറക്കുന്നതാണ്. ആ കോഴ്സുകൾക്കു പുതിയ പുസ്തകങ്ങൾ നിർദ്ദേശിക്കുമ്പോൾ പഴയവ കുറച്ചെണ്ണം ബാക്കി വരും. ഇതു സ്വാഭാവികമാണ്. എന്നാൽ അപ്രതീക്ഷിതമായി പഴയ പാഠപുസ്തകങ്ങൾ മാറ്റി പുതിയവ നിർദ്ദേശിക്കുമ്പോൾ മൂന്നുവർഷത്തേയ്ക്കു കരുതി അച്ചടിച്ചവ കൂടുതൽ എണ്ണം ബാക്കിവരും. പാഠപുസ്തകങ്ങൾ സാധാരണഗതിയിൽ മൂന്നുവർഷത്തേക്കാണു നിർദ്ദേശിക്കുക. പുതിയ ബോർഡ് ഓഫ് സ്റ്റഡീസ് വരുമ്പോൾ ഇതു പരിഗണിക്കാതെ പുതിയ പുസ്തകം നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെയാണ് ചില പുസ്തകങ്ങൾ കൂടുതൽ സ്റ്റോക്കിൽ വന്നത്. അത്തരം പുസ്തകങ്ങളും ജനറൽ പുസ്തകങ്ങളെപ്പോലെ വിറ്റഴിക്കാൻ കഴിയാറുണ്ട്. ഇവിടെ ഉദാഹരണമായികൊടുത്ത മൂന്നു പുസ്തകങ്ങളും പാഠപുസ്തകങ്ങളാണ്. ഓഡിറ്റ്

റിപ്പോർട്ട് എഴുതിയ കാലത്തെ സ്റ്റോക്കിലുള്ള കോപ്പിയും ഇപ്പോൾ സ്റ്റോക്കിലുള്ള കോപ്പിയും പരിശോധിച്ചാൽ ഇക്കാര്യം ബോധ്യമാകും.

| പുസ്തകത്തിന്റെ പേര് | ആകെ അച്ചടിച്ചത് | റിപ്പോർട്ട് കാലത്തെ സ്റ്റോക്ക് | പിന്നീട് വിറ്റത് | ഇപ്പോഴത്തെ സ്റ്റോക്ക് |
|---|---|---|---|---|
| കാവ്യസൗരഭ്യം | 5000 | 3012 | 849 | 2163 |
| മംഗലനമറിയം | 15000 | 3557 | 1126 | 2431 |
| കൊഴിഞ്ഞ ഇലകൾ | 30000 | 10312 | 3059 | 7253 |

3.11.7 ഈ മൂന്ന് പുസ്തകങ്ങളും വിറ്റുകൊണ്ടിരിക്കുന്നു എന്നത് വസ്തുതയാണ്. മാത്രവുമല്ല ഏറ്റവും കൂടുതൽ കോപ്പിയുണ്ടായിരുന്ന 'കൊഴിഞ്ഞ ഇലകൾ' 2007-08 അധ്യയനവർഷത്തിൽ B.Com. PART II Addl. LANGUAGE-ന് PAPER I ആയി നിർദ്ദേശിച്ചിരുന്നു. അതുവഴി ഈ വർഷം മാത്രം 1975 പുസ്തകങ്ങൾ ഇതുവരെ വിറ്റുപോയിട്ടുണ്ട്.

3.11.8 കേരളസർക്കാറിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായാണ് പ്രീഡിഗ്രി സർവ്വകലാശാലകളിൽ നിന്നും മാറ്റപ്പെട്ടത്. സ്വാഭാവികമായും നിലവിലുണ്ടായിരുന്ന പ്രീഡിഗ്രി പാഠപുസ്തകങ്ങൾ വിൽക്കാനാകാതെ വന്നത് അതുമൂലമാണ്. വിൽക്കാനാകാതെ കിടന്ന പഴയ പാഠപുസ്തകങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി പ്രത്യേകമായ പ്രദർശന വിൽപന മേളകൾ പ്രകാശന വിഭാഗം സംഘടിപ്പിച്ചുവരികയാണ്. സർവ്വകലാശാലാ ലൈബ്രറി കാമ്പസിലുള്ള പുതിയ സെയിൽസ് എംപോറിയത്തിൽ 2006 ഓണക്കാലത്തു തുടങ്ങിയ പ്രദർശന വിൽപന ഇപ്പോഴും തുടരുന്നു. ഇതിലൂടെ പഴയ പാഠപുസ്തകങ്ങളും പുതിയ പുസ്തകങ്ങളും കൂടുതൽ വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്.

3.11.9 മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പരിപോഷണം ലക്ഷ്യമാക്കിയുമാണ് തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിതമായത്. അതുകൊണ്ടു തന്നെയാണ് ആദ്യ വർഷങ്ങളിൽ തന്നെ പ്രകാശനവിഭാഗം രൂപീകരിക്കപ്പെട്ടതും. ആദ്യകാലത്തെ ഗ്രന്ഥപ്രസാധനങ്ങൾ പരിശോധിച്ചാൽ എത്രമാത്രം ഗൗരവാവഹമായാണ് ഇക്കാര്യത്തിൽ ഇടപെട്ട് സർവ്വകലാശാല പ്രവർത്തിച്ചത് എന്നുകാണാം. അതിനു പൂരകമായ വിധത്തിൽ തന്നെയാണ് സർവ്വകലാശാല ഇപ്പോഴും പ്രവർത്തിക്കുന്നത്.

ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥത്തിന്റെ പുനഃപ്രകാശനവും അതിന്റെ മലയാള പ്രസാധനവും സർവ്വകലാശാലയുടെ അഭിമാനകരമായ സംഭാവനകളാണ്. സമൂഹത്തിനു വിജ്ഞാനം പകർന്നുനൽകാനുള്ള ഉപാധികളിലൊന്നാണ് ഗ്രന്ഥപ്രസാധനം. വിൽപനയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളുടെ അടിസ്ഥാനത്തിൽ വിജ്ഞാനവ്യാപനത്തെ വിലയിരുത്താനുമാകില്ല.

3.11.10 "സാഹിത്യനായകന്മാർ" എന്ന പുസ്തകപരമ്പരയ്ക്ക് നല്ല സ്വീകാരം ഉണ്ടായിട്ടുണ്ട്. എല്ലാ പുസ്തകങ്ങളും ഒരേ പോലെ വിറ്റു പോകില്ല. വിൽക്കാതെ പോകുന്ന ഒന്നോ രണ്ടോ ശീർഷകങ്ങളെ അടിസ്ഥാനമാക്കി പൊതുനിഗമനങ്ങളുണ്ടാക്കുക വസ്തുതാപരമല്ല. ഇവിടെ ഉദാഹരിച്ചിട്ടുള്ള "കുഞ്ഞിക്കുട്ടൻ തമ്പുരാൻ" എന്ന പുസ്തകം ഒന്നോ രണ്ടോ വർഷത്തേക്കുള്ള പുസ്തകമല്ല അതിപ്പോഴും വിറ്റുകൊണ്ടിരിക്കുകയാണ്. ഓഡിറ്റ് റിപ്പോർട്ട് എഴുതുന്ന കാലത്തിനുശേഷം, 750 പുസ്തകങ്ങൾ അതിൽ വിറ്റുപോയിട്ടുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നു പറയുന്നത് വസ്തുതയല്ല

3.11.11 പരീക്ഷാ പാഠ്യപദ്ധതികളുടെ ഭാഗമായി അച്ചടിക്കുന്ന സിലബസ്സ്, ലിസ്റ്റ് ഓഫ് ടെക്സ്റ്റ്ബുക്ക് എന്നിവ പ്രകാശനവിഭാഗത്തെ ഏൽപിക്കുകയാണ് പതിവ്. ഇത് പലപ്പോഴും അക്കാദമിക് വർഷം തീരാറാകുമ്പോഴാണ് വിൽപ്പനയ്ക്ക് എത്തുക. അതുമൂലം ഇത് അധികം വിൽക്കാനാകാതെ പോകുന്നുണ്ട്.

3.11.12 ഉദാഹരണമായി കാണിച്ചിട്ടുള്ള പാഠപുസ്തകങ്ങൾ പൊതു വിപണിയിൽ ഇപ്പോഴും വിറ്റുപോകുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ടിലെ സ്റ്റോക്കും ഇപ്പോഴത്തെ സ്റ്റോക്കും തമ്മിലുള്ള അന്തരം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

| പുസ്തകത്തിന്റെ പേര് | ഓഡിറ്റ് പ്രകാരമുള്ള സ്റ്റോക്ക് | വിറ്റത് | ഇപ്പോഴത്തെ സ്റ്റോക്ക് |
|---|---|---|---|
| 1. മൂല്യസങ്കൽപങ്ങൾ | 7234 | 711 | 6523 |
| 2. ഒരു ദിവസം ഒരു യുഗം | 4709 | 523 | 4186 |
| 3. കാവ്യസൗരഭം | 3012 | 849 | 2163 |
| 4. മരുലനമറിയം | 3557 | 1126 | 2431 |
| 5. കൊഴിഞ്ഞ ഇലകൾ | 10312 | 3059 | 7253 |

3.11.13 ജനറൽ സ്വഭാവത്തിലുള്ള പുസ്തകങ്ങൾ പാഠപുസ്തകങ്ങളെപ്പോലെയല്ല അവ എല്ലാക്കാലത്തും വിൽക്കാവുന്നവയാണ്. സർവ്വകലാശാലയ്ക്കു മറ്റു വിപണന സൗകര്യങ്ങളില്ലാത്തതിനാൽ ചില പരിമിതികളുണ്ട് എന്നതു വാസ്തവമാണ്. പ്രദർശനങ്ങളിലൂടെയും മറ്റും പുസ്തകങ്ങൾ വിറ്റഴിക്കാൻ കഴിയുന്നുണ്ട്. ഇത്ര പരിമിതമായ സൗകര്യങ്ങൾക്കിടയിലും ഇത്രയെങ്കിലും പുസ്തകങ്ങൾ വിറ്റുപോകുന്നത് ആശ്വാസകരമാണ്.

3.11.14 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പുസ്തകങ്ങളുടെ അന്നത്തെ സ്റ്റോക്കും ഇപ്പോഴത്തെ സ്റ്റോക്കും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| പുസ്തകത്തിന്റെ പേര് | ഓഡിറ്റ് പ്രകാരമുള്ള സ്റ്റോക്ക് | വിറ്റത് | ഇപ്പോഴത്തെ സ്റ്റോക്ക് |
|---|---|---|---|
| സി. വി. രാമൻപിള്ള | 1997 | 1189 | 808 |
| എഴുത്തച്ഛൻ | 1892 | 1010 | 882 |
| എ. ആർ. രാജരാജവർമ്മ | 2183 | 630 | 1533 |
| കുഞ്ചൻ നമ്പ്യാർ | 1929 | 958 | 971 |
| കുമാരനാശാൻ | 1981 | 944 | 1031 |
| സി. വി.ബാലകൃഷ്ണപ്പണിക്കർ | 2912 | 676 | 2236 |

3.11.15 ഡോ. സർദാർ കുട്ടി രചിച്ച 'സഞ്ജയൻ' എന്ന പുസ്തകം 2150 കോപ്പികളാണ് സ്റ്റോക്കിലുള്ളത്. ഡോ. എം.വി. വിഷ്ണുനമ്പൂതിരി രചിച്ച കുഞ്ഞിക്കുട്ടൻ തമ്പുരാൻ 2121 കോപ്പികൾ ബാക്കിയുണ്ട്. എല്ലാ പുസ്തകങ്ങളും ഒരേപോലെ വിറ്റുപോകില്ല എന്നത് വസ്തുതയാണ്.

3.11.16 ഇക്കാലയളവിനുള്ളിൽ എഴുന്നൂറിലേറെ ശീർഷകങ്ങളിൽ സർവ്വകലാശാല പ്രകാശനവിഭാഗം പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇക്കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ജനറൽ പുസ്തകങ്ങളും പാഠപുസ്തകങ്ങളുമായി 134 പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി ആകെ 13,63,500 കോപ്പികളാണ്. സിലബസുകളും ലിസ്റ്റ് ഓഫ് ടെക്സ്റ്റ്ബുക്കുകളും ഇതിനു പുറമേയാണ്. ഇതിൽ ഇരുപതിൽ താഴെയുള്ള ജനറൽ പുസ്തകങ്ങളാണ് പ്രകാശനവിഭാഗം സമൂഹത്തിലെത്തിച്ചത് എന്ന് ഇതു വ്യക്തമാക്കുന്നുണ്ട്. ജനറൽ പുസ്തകങ്ങൾ എല്ലാക്കാലത്തും വിറ്റഴിക്കാവുന്ന പുസ്തകങ്ങളാണ്. പാഠപുസ്തകങ്ങൾക്ക് കാലികമായ പരിമിതികൾ ഉള്ളതിനാൽ അവ മറ്റുള്ളവപോലെ വിറ്റുപോകില്ല. വിൽക്കാത്ത പാഠപുസ്തകങ്ങൾ ലേലത്തിലൂടെ നീക്കം ചെയ്യാവുന്നതാണ്. ഇപ്പോൾ അതതുവർഷത്തേക്കു മാത്രമാണ് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത്. സമീപകാലത്തെ കണക്കുകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

3.11.17 കഥാസമാഹാരം ഒന്നാംഭാഗം, കഥാമാലിക നവസങ്കലൻ, ഗദ്യോപഹാരം കഥാരംഗം, ഗദ്യരംഗം പ്രാചീന കവിത, ഗദ്യലോകം, കാവ്യസരണി മൂന്നുഭാഗങ്ങൾ, പഞ്ചവടി, കഥാസരണി, നവകുസുമം, പദ്യസാഹിതി, ഗദ്യസാഹിതി എന്നീ പാഠപുസ്തകങ്ങൾ ഒരു കോപ്പി പോലും ബാക്കിയില്ലാതെ വിറ്റുതീർന്ന പുസ്തകങ്ങളാണ്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.11.18 പുതിയ ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ വരുമ്പോൾ മൂന്ന് വർഷത്തേയ്ക്കുള്ള പാഠപുസ്തകം മാറ്റി പുതിയതായിട്ടുള്ളവ നിർദ്ദേശിക്കുന്നതുകൊണ്ടാണ് കൂടുതൽ പുസ്തകം കെട്ടികിടക്കുവാൻ കാരണമായതെന്നാണ് മറുപടിയിൽ സർവകലാശാല പറയുന്നത്. എന്നാൽ ബോർഡ് ഓഫ് സ്റ്റഡീസും പ്രകാശന വിഭാഗവും തമ്മിലുള്ള ആശയവിനിമയ അഭാവമാണ് സർവകലാശാലയ്ക്ക് ഇത്തരത്തിലുള്ള നഷ്ടങ്ങൾക്ക് കാരണം.

3.11.19 ഈർപ്പം കടക്കാത്ത രീതിയിൽ തരംതിരിച്ച്, അടുക്കി, സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി പുസ്തകം സൂക്ഷിക്കണമെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് സർവ്വകലാശാലയുടെ ഭാഗത്ത് നിന്നും എടുത്ത നടപടിയെ സംബന്ധിച്ച വിശദാംശം മറുപടിയിൽ നൽകിയിട്ടില്ല.

## സമിതി ആരാഞ്ഞ അധികവിവരം

3.11.20 പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധന ഓരോ സാമ്പത്തിക വർഷവും നടത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പുസ്തകങ്ങൾ സൂക്ഷിക്കൽ, പുസ്തകങ്ങൾ അച്ചടിക്കുമ്പോഴുള്ളതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് പഠനം നടത്തുക.

## ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

3.11.21 പുസ്തകങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് അച്ചടിക്കുന്ന രീതിയാണ് ഇപ്പോൾ തുടർന്നു വരുന്നത്.

3.11.22 പുസ്തകങ്ങൾ കറെ സെല്ലാറിൽ നിന്നും മാറ്റി യൂണിവേഴ്സിറ്റി ലൈബ്രറിക്കടുത്തുള്ള സെയിൽസ് എമ്പോറിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അമൂല്യങ്ങളായ പുസ്തകങ്ങൾ സി.ഡി.യിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. കമ്പ്യൂട്ടർ വാങ്ങി.

3.11.23 പുസ്തകങ്ങൾ സെയിൽസ് എമ്പോറിയം വഴി 40% മുതൽ 80% വരെ ഡിസ്കൗണ്ട് നൽകി വിറ്റഴിച്ചു വരുന്നു. ആയിനത്തിൽ രൂപ 4,71,618 (നാലുലക്ഷത്തി എഴുപത്തൊന്നായിരത്തി അറുനൂറ്റി പതിനെട്ട് രൂപ മാത്രം) 2007-08 സാമ്പത്തിക വർഷം കിട്ടിയിട്ടുണ്ട്. ഇതിന് പൊതുജനങ്ങളിൽ നിന്നും നല്ല പ്രതികരണമാണു ലഭിച്ചുകൊണ്ടിരിക്കുന്നത്. പുസ്തകങ്ങൾ കൂടുതൽ വിൽക്കുന്നതിനു വേണ്ടി ഒരു മൊബൈൽ സെയിൽസ് യൂണിറ്റ് വാങ്ങിക്കുവാൻ ആലോചിച്ച് വരുന്നു.

3.11.24 ഇപ്പോൾ ഓരോ സാമ്പത്തിക വർഷാവസാനവും പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

3.11.25 നിർദ്ദേശം പാലിക്കുന്നു. 1997-98 അക്കാദമിക് വർഷത്തിൽ പാഠപുസ്തകമായിരുന്ന 'കൊഴിഞ്ഞ ഇലകൾ' 2008-09 പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുണ്ടായിരുന്ന 10312 കോപ്പികൾ ഇപ്പോൾ 5302 ആയി കുറഞ്ഞിട്ടുണ്ട്. പാഠപുസ്തകമെന്ന നിലയ്ക്കും അല്ലാതെയും ഈ പുസ്തകം വിറ്റുപോകുന്നുണ്ട്.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.11.26 ലൈബ്രറി പുസ്തകങ്ങളുടെയും റഫറൻസ് പുസ്തകങ്ങളുടെയും 2008 ലെ വാർഷിക സാക്ഷ്യപ്പെടുത്തൽ രേഖ ബന്ധപ്പെട്ട രജിസ്റ്റർ സഹിതം ഹാജരാക്കാൻ 20-3-2009-ൽ ഓഡിറ്റിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് നാളിതുവരെ ഹാജരാക്കിയിട്ടില്ല.

3.11.27 പുസ്തകങ്ങൾ അച്ചടിക്കുന്നതിനുമുമ്പ് അച്ചടിക്കുന്നതിന്റെ എണ്ണം നിർണ്ണയിക്കുവാൻ എന്തുമാനദണ്ഡവും മാർഗ്ഗവുമാണ് ഇപ്പോൾ സ്വീകരിക്കുന്നതെന്നും ഇക്കാര്യത്തിൽ എന്ത് പഠനമാണ് യൂണിവേഴ്സിറ്റി നടത്തുന്നതെന്നും അറിയിക്കുവാൻ യൂണിവേഴ്സിറ്റിയോട് 20-3-2009-ൽ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ യാതൊരു മറുപടിയും നൽകിയിട്ടില്ല.

## ഖണ്ഡികനമ്പർ 243, 244, 248

### ശിപാർശ

3.12.1 2000-2001-ലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന് ഇപ്പോഴും പരിശോധിച്ചു വരുന്നതേയുള്ളൂ എന്ന ഒഴുക്കൻ രീതിയിൽ നൽകിയ മറുപടി തികച്ചും ആക്ഷേപാർഹമാണെന്നും ഒരു നിയമസഭാ സമിതിയോട് അവലംബിക്കേണ്ട പെരുമാറ്റച്ചട്ടം പല ഓഡിറ്റ് ഖണ്ഡികകൾക്കും മറുപടി നൽകുന്നതിൽ യൂണിവേഴ്സിറ്റി അധികൃതർ പാലിച്ചു കാണുന്നില്ല എന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ഭരണഘടനാപരമായി നിയമസഭയിൽ നിക്ഷിപ്തമായിരിക്കുന്ന അവകാശങ്ങളും, ചുമതലകളും നിറവേറ്റുന്നതിൽ നിയമസഭയുടെ തന്നെ ഒരു മിനിയേച്ചറായ സഭാ സമിതി പ്രവർത്തിക്കുമ്പോൾ അതിന്റെ പ്രവർത്തനത്തെത്തന്നെ നിസാരവൽക്കരിക്കുന്ന തരത്തിലുള്ള സമീപനമാണ് യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. വ്യക്തമായ മറുപടികൾ നൽകുന്നതിൽ യൂണിവേഴ്സിറ്റി അധികൃതർ വീഴ്ചവരുത്തുന്നു. ആയതിനാൽ ഒരു നിയമസഭാ സമിതിയോട് കാണിക്കേണ്ട ബഹുമാനവും, പെരുമാറ്റരീതിയും സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് തലത്തിൽ യൂണിവേഴ്സിറ്റികൾക്ക് സർക്കുലർ മുഖേന നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3.12.2 സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ട 12,008 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

3.12.3 ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള നഷ്ടം സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗം ഡയറക്ടറുടെ ബാദ്ധ്യതയായി നിശ്ചയിച്ച് ടിയാനിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ച സാഹചര്യത്തിൽ പ്രസ്തുത തുക പലിശ സഹിതം ടിയാനിൽ നിന്നും അടിയന്തരമായി ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.12.4 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 26-10-2006-ലെ ശിപാർശ പ്രകാരം 1999-2000 കാലയളവിൽ പബ്ലിക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രിന്റിംഗ് ആവശ്യങ്ങൾക്കായി യൂണിവേഴ്സിറ്റിയുടെ പ്രസ്സിലേക്ക് കൊടുത്ത പേപ്പറും കവർകാർഡും ഉപയോഗം കഴിഞ്ഞ് ബാക്കി വന്നത് പ്രസിദ്ധീകരണവിഭാഗത്തിൽ തിരിച്ച് കൊടുക്കാത്തത് മൂലമുണ്ടായ നഷ്ടം പ്രസിദ്ധീകരണ വിഭാഗം മേധാവിയിൽ നിന്നും ഈടാക്കാൻ ശിപാർശ ചെയ്തിരുന്നു. പേപ്പർ തിരിച്ച് കൊടുക്കാത്തത് വഴി 12,008 രൂപയും കവർ കാർഡ് തിരിച്ച് കൊടുക്കാത്തത് വഴി 15,670.64 പൈസയും കെ.യു.എഫ്-ൽ നിന്ന് നഷ്ടമുണ്ടായതായി കണക്കാക്കപ്പെട്ടിരുന്നു. ഇതിനെ സംബന്ധിച്ച് പ്രസിദ്ധീകരണ വിഭാഗം മേധാവി നൽകിയ പരാതി സിൻഡിക്കേറ്റ് പരിശോധിക്കുകയും ഉപയോഗം കഴിഞ്ഞ് ബാക്കിവന്ന പ്രസ്തുത പേപ്പറും കവർകാർഡും പ്രസ്സിൽ നിന്ന് തിരിച്ച് പ്രസിദ്ധീകരണ വിഭാഗത്തിൽ നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും നൽകിയിട്ടില്ലായെങ്കിൽ അത് പ്രസ്സ് സൂപ്രണ്ടിന്റെ ബാധ്യതയായി കണക്കാക്കാനും പ്രസിദ്ധീകരണ വിഭാഗം ഡയറക്ടറായ ഡോ. റെസലുദ്ദീനെ അതിൽ നിന്നും ഒഴിവാക്കാനും തീരുമാനിക്കുകയുണ്ടായി. ഇതേ തുടർന്ന് പ്രസ്സ് സൂപ്രണ്ടിനോട് വിശദീകരണം തേടുകയും ആയതിന് ഉപയോഗം കഴിഞ്ഞ് ബാക്കിവരുന്ന സാധനങ്ങൾ പ്രസിദ്ധീകരണ വിഭാഗത്തിന്റേതായി പ്രത്യേകം സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും തുടർവർഷങ്ങളിൽ പ്രസിദ്ധീകരണ വിഭാഗത്തിന്റെ തന്നെ ആവശ്യത്തിലേക്കായി ഉപയോഗിച്ചു എന്ന മറുപടി ലഭിക്കുകയും ചെയ്തു. പ്രസ്സ് സൂപ്രണ്ടിന്റെ പ്രസ്തുത മറുപടിയും സിൻഡിക്കേറ്റിന്റെ തീരുമാനവും കണക്കിലെടുത്ത് പ്രസിദ്ധീകരണ വിഭാഗം ഡയറക്ടറായ ഡോ. റെസലുദ്ദീനെ മേൽപ്പറഞ്ഞ ബാധ്യതയിൽ (27,768.64 രൂപ) നിന്നും ഒഴിവാക്കാൻ വൈസ് ചാൻസലർ ഉത്തരവിട്ടു.

3.12.5 ഇതിന്റെ രേഖകൾ സർവ്വകലാശാല അച്ചടിശാലയിൽ ലഭ്യമാണ്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.12.6 പബ്ലിക്കേഷൻ വകുപ്പിന്റെ പ്രിന്റിംഗ് ആവശ്യങ്ങൾക്ക് വേണ്ടി കൊടുക്കുന്ന പേപ്പറുകളും കവർ കാർഡുകളും സ്റ്റോക്ക് രജിസ്റ്ററുകളിൽ (പ്രസിദ്ധീകരണ വിഭാഗത്തിന്റേതായ സ്റ്റോക്ക് രജിസ്റ്ററിൽ) രേഖപ്പെടുത്തുകയും തുടർ വർഷങ്ങളിൽ പ്രസിദ്ധീകരണ വിഭാഗത്തിന്റെ തന്നെ പ്രിന്റിംഗ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായും പ്രാദേശിക പരിശോധന വേളയിൽ കാണുവാൻ കഴിഞ്ഞു.

3.12.7 മേൽ വസ്തുതകളുടെ വെളിച്ചത്തിൽ 27,769 രൂപ ഈടാക്കാനുള്ള നിർദ്ദേശം ഒഴിവാക്കാവുന്നതാണ്.

### ഖണ്ഡികനമ്പർ 257

<u>ശിപാർശ</u>

3.13.1 സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കൃത്യമായി തുടർനടപടികൾ സ്വീകരിക്കണമെന്നും സർചാർജ്ജ് നടപടികൾ ആവശ്യമായ ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർചാർജ്ജ് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. സർവ്വകലാശാലകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുമ്പോൾ മുൻ വർഷങ്ങളിലെ ധനവിനിയോഗത്തിന്റെ വിശദാംശങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി ധനകാര്യ വകുപ്പിന് നൽകാൻ വ്യവസ്ഥ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ (ഉന്നത വിദ്യാഭ്യാസ വകുപ്പ്) സ്വീകരിച്ച നടപടി

3.13.2 നൽകപ്പെട്ടിട്ടുള്ള ശിപാർശകളും നിർദ്ദേശങ്ങളും എത്തിച്ചേർന്ന നിഗമനങ്ങളും സർവ്വകലാശാല ഗൗരവമായി പരിഗണിക്കുന്നതും ഭാവിയിൽ ഇവ മാർഗ്ഗനിർദ്ദേശ രേഖയായി കണക്കാക്കി പ്രവർത്തിക്കുന്നതുമാണ്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.13.3 പ്രത്യേക പരാമർശമില്ല.

### ധനകാര്യവകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

3.13.4 സർവ്വകലാശാലയെ സംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങളിന്മേൽ കൃത്യമായി തുടർനടപടികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. സർവ്വകലാശാലകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുമ്പോൾ മുൻ വർഷത്തെ ധനവിനിയോഗത്തിന്റെ വിശദാംശങ്ങൾ തൊട്ടടുത്ത സാമ്പത്തിക വർഷത്തിന്റെ ഒന്നാം പകുതിയുടെ അവസാനത്തോടുകൂടി ധനകാര്യ വകുപ്പിന് നൽകാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്**

3.13.5 കാലാകാലങ്ങളിൽ സർചാർജ് നടപടികൾ കൃത്യമായി സ്വീകരിച്ചുവരുന്നുണ്ട്. സമിതിയുടെ നിർദ്ദേശ പ്രകാരം സർചാർജ് നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

3.13.6 സർവ്വകലാശാലയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുമ്പോൾ മുൻ വർഷങ്ങളിലെ ധനവിനിയോഗത്തിന്റെ വിശദാംശങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി ധനകാര്യവകുപ്പിന് നൽകാൻ വ്യവസ്ഥ ചെയ്യണമെന്നായിരുന്നു സമിതി ശിപാർശ ചെയ്തത്. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സാക്ഷ്യപ്പെടുത്തൽ ഒഴിവാക്കി സമിതി നിർദ്ദേശത്തിന് വിരുദ്ധമായി ഉന്നതവിദ്യാഭ്യാസവകുപ്പിൽ നിന്നും നേരിട്ട് ധന വിനിയോഗത്തിന്റെ വിശദാംശങ്ങൾ ധനകാര്യവകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. മേൽ നടപടി സമിതി നിർദ്ദേശമനുസരിച്ചുള്ളതല്ല. ആയത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## അദ്ധ്യായം IV

## സർക്കാരിൽ നിന്നും മറുപടി ലഭിയ്ക്കാത്തതും എന്നാൽ മറുപടി നൽകേണ്ടതുമായ മുൻ റിപ്പോർട്ടിലെ ശിപാർശകൾ

### ഖണ്ഡികനമ്പർ 52

ശിപാർശ

4.1 **സർവ്വകലാശാലയുടെ ഓഡിറ്റ് പരാമർശങ്ങൾ പരിശോധിച്ച സമിതി ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളാണ് സർവ്വകലാശാലയിൽ നടന്നിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയിട്ടും സർവ്വകലാശാലയോട് ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അന്വേഷിക്കാതെയും സർവ്വകലാശാലാ അധികൃതർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ യാതൊരു പരിശോധനയും നടത്താതെ പ്രസ്തുത റിപ്പോർട്ട് അതേപടി സമിതിയ്ക്ക് ലഭ്യമാക്കിയ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നടപടി അത്യന്തം ഖേദകരവും അപലപനീയവുമാണ്. ആയതിനാൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡികനമ്പർ 255**

<u>ശിപാർശ</u>

**4.2 സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ സർവ്വകലാശാലയ്ക്കു നൽകുമ്പോൾത്തന്നെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്കും അതിന്റെ പകർപ്പ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ശ്രീ. കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017, മാർച്ച് 9.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.10 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | ധനദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥനെതിരെ സഭാസമിതിയുടെ നിർദ്ദേശപ്രകാരം നടപടി സ്വീകരിക്കാതെ ആയതു് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സിൻഡിക്കേറ്റ് പ്രത്യേക സമിതിയെ രൂപീകരിച്ചതിന്റെയും ഓഡിറ്റിന് പ്രസ്തുത സമിതിയുടെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച് അറിയിക്കാത്തതിന്റെയും വിശദീകരണം നൽകണമെന്നും സമിതി നിർദ്ദേശം നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.11 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | സർവ്വകലാശാല പരീക്ഷകളുമായി ബന്ധപ്പെട്ട് അനുവദിച്ച തുക ചിലവഴിച്ചതു സംബന്ധിച്ച കണക്കുകൾ മുൻ സർവ്വകലാശാല ഉദ്യോഗസ്ഥനായ ശ്രീ. സി. ജയിംസ് യഥാസമയം ഹാജരാക്കി ക്രമപ്പെടുത്തുന്നതിലുണ്ടായ വീഴ്ച സംബന്ധിച്ച് അന്വേഷണം നടത്തി, രേഖ പരിശോധിച്ച് നഷ്ടത്തുകയും ഉത്തരവാദിത്വവും നിശ്ചയിച്ച് ബാധ്യത തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ക്രമക്കേടിൽ ആരെല്ലാം ഉൾപ്പെട്ടിരുന്നുവെന്നും ഇവരിൽ ഇപ്പോൾ സർവ്വീസിലുള്ളവർ ആരെല്ലാമാണെന്നതു സംബന്ധിച്ച് ഇവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 2.3.11 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാകുന്ന തരത്തിൽ സിൻഡിക്കേറ്റ് അംഗങ്ങൾക്കുള്ള യാത്രാബത്തയും ദിനബത്തയും സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങളടങ്ങുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.11 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | സമിതിയുടെ മുൻ ശിപാർശ ആവർത്തിക്കുന്ന തോടൊപ്പം യു.ജി.സി. മാർഗ്ഗരേഖ പ്രകാരം യു.എസ്.ഐ.സി.-യെ നവീകരിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.5.10 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | പുസ്തക പ്രദർശനത്തിന്റെ ഭാഗമായി തറവാടക യിനത്തിൽ യൂണിവേഴ്സിറ്റി പ്രകാശന വിഭാഗം യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറിക്ക് നൽകിയ 11,400 രൂപ സ്റ്റുഡന്റ്സ് സർവ്വീസ് വകുപ്പിന്റെ അക്കൗണ്ടിലേക്ക് ഈടാക്കാൻ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 2.6.9 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടറായിരുന്ന ഡോ. എം.എൻ.സി. ബോസിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കി യതിന്റെ രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 2.7.17 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | മുൻകൂറായി നൽകിയ തുക ക്രമീകരിക്കാത്ത ഉദ്യോഗസ്ഥരിൽ നിന്നും പിഴപ്പലിശയടക്കം ഈടാക്കാനുള്ള നിർദ്ദേശവും ഓഡിറ്റ് പരാമർശ ത്തിലുള്ളതായി സർവ്വകലാശാല ചൂണ്ടിക്കാണിച്ച തെറ്റുകളേതെല്ലാമാണെന്ന് അറിയിക്കുവാനുള്ള നിർദ്ദേശവും നടപ്പിലാക്കുവാനും സമിതി നിർദ്ദേശം ഇതുവരെ പാലിക്കാത്തതിനുള്ള കാരണം അറിയിക്കു വാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 2.8.11 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | അൺ എയ്ഡഡ് കോളേജിലെ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം നടത്തുന്ന സർക്കാർ കോളേജ് അധ്യാപകർക്ക് ഓണറേറിയം നൽകുന്നത് തുടരാമെന്ന സർക്കാർ തീരുമാനവും ആയതിലേക്ക് നയിച്ച സാഹചര്യവും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 2.9.8 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | സമിതി ശിപാർശയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി പ്രസ്തുത വിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത താണെന്ന് സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള വിഷയം സംബന്ധിച്ച വിവരം ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെ ടുത്തുന്നു. ഓഡിറ്റ് പരാമർശമുണ്ടായിട്ടും കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനും ശരിയായ കണക്കുകൾ വ്യക്തമാക്കുന്നതിനും നടപടികൾ എടുക്കാതിരുന്നത് കുറ്റകരമായ അനാസ്ഥയാണെന്ന് സമിതി അഭിപ്രാ യപ്പെടുന്നു. സർക്കാർ നിർദ്ദേശങ്ങളും നിലവിലുള്ള നിയമങ്ങളും സർവ്വകലാശാലകൾ പാലിക്കുന്നു ണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അവ പാലിക്കാത്ത വയുടെ പേരിൽ കർശനമായ നടപടി സ്വീകരി ക്കുന്നതിനും സർവ്വകലാശാലാ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ആയതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 10 | 2.9.9 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | സമിതി റിപ്പോർട്ടിലെ ശിപാർശകൾക്കാധാരമായ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും വിവിധ കോളേജുകളിൽ നിന്ന് പിരിഞ്ഞ് കിട്ടേണ്ടതുമായ തുകയിൽ ഇനിയും കുടിശ്ശികയായി അവശേഷിക്കുന്ന തുകയെത്രയെന്നും ആയത് പിരിച്ചെടുക്കുന്നതിനും അക്കാര്യം അന്വേഷണം നടത്തി സർക്കാരിനെ അറിയിക്കുന്നതിനും സ്വീകരിച്ച നടപടിയെന്തെന്ന് അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | 2.9.10 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | സർക്കാർ കോളേജുകൾ കൃത്യമായി ഫീസ് അടയ്ക്കാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാലകൾക്ക് അധികാരം നൽകുന്നതിനായി സർവ്വകലാശാല നിയമത്തിൽ പീനൽ പ്രൊവിഷൻ കൂടി ഉൾപ്പെടുത്തുന്നതിനായി നിയമ ഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 2.10.9 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | ശിപാർശയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചതായി നടപടി കോളത്തിൽ ഒന്നും വ്യക്തമാക്കിയിട്ടില്ലെന്നും സഭാസമിതിയുടെ അന്തിമ തീരുമാനമനുസരിച്ച് 7,000 രൂപ ഈടാക്കുവാൻ സർവ്വകലാശാല നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും, സമിതി വിലയിരുത്തുന്നു. സമിതി ശിപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ച് വ്യക്തമായ മറുപടി നൽകാതെ വിഷയത്തെ നിസ്സാരവൽക്കരിക്കുവാൻ സർവ്വകലാശാല ശ്രമിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. |
| 13 | 2.11.20 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | പ്രസ്തുത ഖണ്ഡികകളിലെ ശിപാർശ പ്രകാരം ശ്രീ. എം. കെ. തമ്പാനെതിരെ ആർ. ആർ. നടപടികൾ സ്വീകരിക്കുന്നതിന് 2008-ൽ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടും, 2009-ൽ സിൻഡിക്കേറ്റ് കമ്മിറ്റി രൂപീകരിച്ചത് കുറ്റക്കാരനായ ഉദ്യോഗസ്ഥനെ രക്ഷപ്പെടുത്താൻ വേണ്ടിയുള്ള ശ്രമമാണെന്നും സിൻഡിക്കേറ്റ് തീരുമാനം നടപ്പാക്കിയതിന്റെ രേഖകളൊന്നും ഓഡിറ്റിന് നൽകിയിട്ടില്ലെന്നും നിരീക്ഷിക്കുന്നു. 2009-ൽ ഫയൽ ചെയ്ത കേസിൽ 2012-ൽ മാത്രമാണ് എതിർസത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതെന്നതിൽനിന്നും ഇക്കാര്യത്തിൽ സർവ്വകലാശാലാ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാകുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഇതു സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ഫയലുകൾ ഒരു മാസത്തിനകം ഓഡിറ്റിന് സമർപ്പിക്കണമെന്നും, നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതിക്കു നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, ശ്രീ. എം. കെ. തമ്പാനിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കാനുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 2.11.21 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 2.11.22 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | ടിയാൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച കേസിൽ പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കാൻ അടിയന്തര നടപടി സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 2.12.8 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | ശ്രീ. എം. കെ. തമ്പാനിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കാനുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 2.13.9 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 2.13.10 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | ടിയാൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച കേസിൽ പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കാൻ അടിയന്തര നടപടി സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | 2.14.6 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ധനകാര്യവകുപ്പ് സെക്രട്ടറി, സർവ്വകലാശാല രജിസ്ട്രാർ എന്നിവരടങ്ങുന്ന മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 4.1 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | സർവ്വകലാശാലയുടെ ഓഡിറ്റ് പരാമർശങ്ങൾ പരിശോധിച്ച സമിതി ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളാണ് സർവ്വകലാശാലയിൽ നടന്നിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയിട്ടും സർവ്വകലാശാലയോട് ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അന്വേഷിക്കാതെയും സർവ്വകലാശാലാ അധികൃതർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ യാതൊരു പരിശോധനയും നടത്താതെ പ്രസ്തുത റിപ്പോർട്ട് അതേപടി സമിതിയ്ക്ക് ലഭ്യമാക്കിയ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നടപടി അത്യന്തം ഖേദകരവും അപലപനീയവുമാണ്. ആയതിനാൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുതെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 4.2 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ സർവ്വകലാശാലയ്ക്കു നൽകുമ്പോൾ തന്നെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്കും അതിന്റെ പകർപ്പ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

## UNIVERSITY OF KERALA

(Abstract)

Payment of TA/DA to Teaching and Non-Teaching staff whose journey from Head quarters to Centralized Valuation Camp is below 8 kms – sanctioned – Orders issued

## MONITORING AND CO-ORDINATION SECTION

No.M&C 2.1400/08. Dated,Thiruvananthapuram, 26.11.2008.

Read:- 1. Minutes of the meeting of S.C on Exams held on 13.11.08 vide Item No:1

2. Minutes of the meeting of the Syndicate held on 22.11.08 vide Item No:29.58.

### ORDER.

The Standing Committee of the Syndicate on Examinations at its meeting held on 13.11.2008 vide Item No 1 read as paper (1) above, considered the matter regarding the audit objections in the payment of TA/DA to Examiners whose journey from the Head Quarters to Centralized Valuation camp is below 8 kms and recommended that TA/DA be given to Teaching and Non-Teaching staff for the journey from the Head quarters to Centralized valuation Camps for the actual distance travelled irrespective of the no. of kilometers, as per the existing practice. The recommendation was approved by Syndicate on 22.11.2008 vide vide Item No 29 58 read as paper (2) above

Orders are issued accordingly.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.